B1- 16750-/19



# വകുപ്പുതല കണക്കുപരിശോധനാ റിപ്പോർട്ട്
# ജില്ലാ പട്ടികജാതിവികസന ഓഫീസ് പത്തനംതിട്ട

| | | |
|---|---|---|
| പരിശോധനാതീയതി | : | 09.07.2018 മുതൽ 13.07.2018 വരെ |
| പരിശോധനാകാലയളവ് | : | 01.04.2016 മുതൽ 31.03.2018 വരെ |
| പരിശോധനാവിഭാഗം | : | ഫിനാൻസ്. സി ആഡിറ്റ് സെക്ഷൻ |
| പരിശോധനാടീമിൽ പങ്കെടുത്തവർ | : | 1. ഹരികൃഷ്ണൻ സി.ജി (ജൂനിയർസൂപ്രണ്ട്)<br>2. ഗോപകുമാർ പി.കെ. (സീനിയർ ക്ളാർക്ക്) |

## പരിശോധനാകാലയളവിൽ ജോലിനോക്കിയിരുന്ന ഉദ്യോഗസ്ഥർ

### ജില്ലാ പട്ടികജാതിവികസന ഓഫീസർമാർ

| | | | |
|---|---|---|---|
| 1. | ശ്രീ. ബി ശ്രീകുമാർ (Pen-590834) | : | 10.12.2014 മുതൽ 27.09.2017 വരെ |
| 2. | ശ്രീ. അബ്ദുള്ള കുഞ്ഞ് (Pen-226203) | : | 28.09.2017 മുതൽ 28.09.2017 വരെ |
| 3. | ശ്രീ. ജി. സുനിൽ *(ഇൻചാർജ്ജ്)* (Pen-227359) | : | 28.09.2017 മുതൽ 12.01.2018 വരെ |
| 4. | ശ്രീ. നജിം. എ *(ഇൻചാർജ്ജ്)* (Pen- | : | 13.01.2018 മുതൽ 11.02.2018 വരെ |
| 5. | ശ്രീ. ജി. സുനിൽ *(ഇൻചാർജ്ജ്)* (Pen-227359) | : | 12.02.2018 മുതൽ 18.02.2018 വരെ |
| 6. | ശ്രീ. അരവിന്ദാക്ഷൻ ചെട്ടിയാർ (Pen-227007) | : | 19.02.2018 മുതൽ തുടരുന്നു. |

### അസ്സി:ജില്ലാ പട്ടികജാതിവികസന ഓഫീസർമാർ

| | | | |
|---|---|---|---|
| 1. | ശ്രീ. ആർ. രാജേഷ് *(ഇൻചാർജ്ജ്)* (Pen-226849) | : | 01.04.2016 മുതൽ 25.10.2016 വരെ |
| 2. | ശ്രീ. എസ്. രാജേഷ് (Pen-226802) | : | 26.10.2016 മുതൽ 23.09.2017 വരെ |
| 3. | ശ്രീ. ജി. തോമസ്മാത്യൂ *(ഇൻചാർജ്ജ്)* (Pen- ) | : | 23.09.2017 മുതൽ 26.09.2017 വരെ |
| 4. | ശ്രീ. ജി. സുനിൽ (Pen-227359) | : | 27.09.2017 മുതൽ 12.01.2018 വരെ |
| 5. | ശ്രീ. ആർ. ജയകൃഷ്ണൻ *(ഇൻചാർജ്ജ്)*(Pen-226370) | : | 12.01.2018 മുതൽ 10.02.2018 വരെ |
| 6. | ശ്രീ. ജി. സുനിൽ (Pen-227359) | : | 11.02.2018 മുതൽ തുടരുന്നു |

9/07/2018 മുതൽ 13/07/2018 വരെ ഫിനാൻസ്. സി ആഡിറ്റ് സെക്ഷൻ നടത്തിയ പരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

### ആമുഖം

**(എ)-വകുപ്പുതല പരിശോധന.**

01-02-2015 മുതൽ 31-03-2016 വരെയുള്ള കാലയളവിലെ പ്രവർത്തനങ്ങൾ വകുപ്പുതല ആഡിറ്റ് വിഭാഗം പരിശോധന നടത്തിയിട്ടുണ്ട്. ഇതിൻമേലുള്ള മറുപടി 11-05-2017 ന്

സി.14005/16 നമ്പർ കത്ത് പ്രകാരം നൽകിട്ടുള്ളതായി കാണുന്നു. ഡയറക്ട്രേറ്റിൽ നിന്നുള്ള മറുപടി ലഭിച്ചിട്ടില്ല. 1-4-12 മുതൽ 31-1-15 വരെ യുള്ള ആഡിറ്റ് റിപ്പോർട്ടിൻ മേലുള്ള എല്ലാ ഖണ്ഡികകളും തീർപ്പാക്കി ഫയൽ ക്ളോസ് ചെയ്തതായി കാണുന്നു. വകുപ്പു തല ആഡിറ്റ് സംബന്ധിച്ച് പ്രത്യേക രജിസ്റ്റർ നല്ല രീതിയിൽ പരിപാലിച്ചു വരുന്നു.

**(ബി) അക്കൗണ്ടന്റ് ജനറലിന്റെ പരിശോധന സംബന്ധിച്ച്**

1-9-16 മുതൽ 30-6-17 വരെയുള്ള കാലയളവ് ഏ.ജി പരിശോധനാവിധേയമാക്കിയിട്ടുണ്ട്. ഇതിൻമേലുള്ള മറുപടി 13-3-18 തീയതി സി 2780/17 നമ്പർ പ്രകാരം അയച്ചതായി കാണുന്നു. എന്നാൽ നല്കിയ മറുപടി ഏ.ജി അഗീകരിച്ചതായി കാണുന്നില്ല. മുൻ ആഡിറ്റിൻ മേൽ ചുവടെ പറയുന്ന റിപ്പോർട്ടിൻമേൽ ഇനിയും തീർപ്പാക്കാനുള്ള ഖണ്ഡികകൾ ചുവടെ ചേർക്കുന്നു.

1. OA(HQ)IV/II/12-125/15-16 ൽ part II B-III,IV
2. OA(HQ)IV/I/12-113/16-17 ൽ part II B-I,III,IV,VII,VIII

ഇതിൻമേൽ അടിയന്തിര നടപടികൾ സ്വീകരിച്ച് വിവരം റിപ്പോർട്ട്ചെയ്യേണ്ടതാണ്.

## പാർട്ട് I

## A. ക്യാഷ് ബുക്കും അനുബന്ധ രേഖകളും:-

**1. ബിൽ ബുക്കും ക്യാഷ് ബുക്കും:-**

a) ചുവടെ ചേർക്കുന്ന ബിൽ തുകകൾ ബിൽ ബുക്കിലെ 12-ാം കോളത്തിൽ രേഖപ്പെടുത്തിയിട്ടുള്ള തീയതിയിലല്ല, ക്യാഷ് ബുക്കിൽ വരവ് രേഖപ്പെടുത്തിയിരിക്കുന്നത്. കാരണം വ്യക്തമാക്കേണ്ടതാണ്.

| ബിൽ നമ്പർ | ബിൽ തുക | ക്യാഷ് ബുക്കിൽ വരവ് ചേർത്ത തീയതി | ബിൽ ബുക്കിലെ 12-ാം കോളത്തിൽരേഖപ്പെടുത്തിയ തീയതി |
|---|---|---|---|
| 391/HSG/16-17 | Rs. 3,45,000/- | 10.08.2016 | 11.08.2016 |
| 440/EMP/16-17 | Rs. 3,50,000/- | 10.08.2016 | 11.08.2016 |

b) ചുവടെ ചേർക്കുന്ന ബിൽ തുകകൾ ക്യാഷ് ബുക്കിൽ വരവ് ചെലവ് ചേർത്തു കാണുന്നില്ല. വിശദീകരണം നൽകേണ്ടതും, ക്യാഷ് ബുക്കിൽ ടി തുകകൾ "റെഡ് എൻട്രി" വരുത്തി ന്യൂനത പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

| ബിൽ നമ്പർ | ബിൽ തുക | തുക മാറിയ തീയതി |
|---|---|---|
| 441/EPB/16-17 | Rs. 5,906/- | 11.08.2016 |
| 443/TA/16-17 | Rs. 26,265/- | 11.08.2016 |
| 124/TA/17-18 | Rs. 25,390/- | 16.05.2017 |

c) 2016-17 വർഷത്തെ ബിൽബുക്ക് പേജുകളിൽ (പേജ് 14 മുതൽ 40 വരെ) ട്രഷറിയുടെ പേര് എഴുതിയിട്ടില്ല. 2017-18 ലെ ബിൽബുക്ക് പേജുകളിൽ (പേജ് 3 മുതൽ 43 വരെ) ഓഫീസിന്റെ പേര്/ഓഫീസറുടെ ഡെസിഗ്നേഷൻ, ട്രഷറിയുടെ പേര് എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ന്യൂനതകൾ പരിഹരിയ്ക്കേണ്ടതാണ്.

d) ബിൽ നമ്പർ. 521/GOI/17-18 പ്രകാരം 14.08.2017- ന് 1,55,906/- രൂപയാണ് തേർച്ച ചെയ്തു കാണുന്നത്. ബിൽ തുക ഇതായിരിക്കെ ബിൽ ബുക്കിലെ 10 (b) കോളത്തിൽ എഴുതി പാസ്സാക്കിയിരിക്കുന്ന തുക 1,59,906/- രൂപയാണ്. ട്രഷറിയുമായി ബന്ധപ്പെട്ട് ന്യൂനത പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

e) ചുവടെ ചേർക്കുന്ന ബില്ലുകളുടെ കാര്യത്തിൽ ബിൽ ബുക്കിലെ 10 (a) കോളത്തിലോ, 10 (b) കോളത്തിലോ ബിൽ തുക എഴുതി ട്രഷറി ഓഫീസർ പാസ്സാക്കി കാണുന്നില്ല. (കോളം 11- ൽ Dated Initial വച്ചിട്ടില്ല.) വിശദീകരണം നൽകേണ്ടതും, ട്രഷറിയുമായി ബന്ധപ്പെട്ട് ന്യൂനത പരിഹരിച്ച് അറിയിക്കേണ്ടതുമാണ്.

| ബിൽ നമ്പർ | ബിൽ തുക | തുക മാറിയ തീയതി |
|---|---|---|
| 1212/Adv.grant/17-18 | Rs. 22,000/- | 19.12.2017 |
| 1873/SC/17-18 | Rs. 3,54,854/- | 31.03.2018 |

f) ബിൽ നമ്പർ. 1903/Corpus Fund/17-18 പ്രകാരമുള്ള ബിൽ തുക 17,67,000/- രൂപയാണ്. എന്നാൽ ബിൽ ബുക്കിലെ 10 (a) കോളത്തിലോ, 10 (b) കോളത്തിലോ പാസ്സാക്കിയ തുക എത്രയെന്ന് ട്രഷറി ഓഫീസർ രേഖപ്പെടുത്തി കാണുന്നില്ല. ട്രഷറിയുമായി ബന്ധപ്പെട്ട് ന്യൂനത പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

g) പരിശോധന തീയതിയിൽ (09.07.2018-ന്) ക്യാഷ് ബുക്ക് പ്രകാരം നീക്കിയിരിപ്പ് തുക ഇല്ല. എന്നാൽ വിവിധ STSB അക്കൗണ്ടുകളിൽ നീക്കിയിരിപ്പ് തുകകൾ ഉള്ളതായി കണ്ടു.

## 2. STSB അക്കൗണ്ടുകൾ

പത്തനംതിട്ട ജില്ലാ പട്ടികജാതി വികസന ഓഫീസുമായി ബന്ധപ്പെട്ട് വിവിധ ആവശ്യങ്ങൾക്കായി 4 STSB അക്കൗണ്ടുകൾ നിലവിലുണ്ട്. 31.03.2018ൽ ഈ അക്കൗണ്ടിൽ നീക്കിയിരിപ്പായി കാണുന്ന തുകയുടെ വിവരം ചുവടെ ചേർക്കുന്നു. ഓരോ അക്കൗണ്ടിലേയും കണക്കുകൾ നാളതീതമാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

| ക്രമ നമ്പർ | അക്കൗണ്ട് നമ്പർ | നീക്കിയിരിപ്പ് തുക | ഇനം |
|---|---|---|---|
| 1 | 705010100000937 | 92,794/- | അതിക്രമം തടയൽ |
| 2 | 705021400000160 | 23,856/- | BIMS കണ്ടിജന്റ് ബില്ല് |
| 3 | 705021400000004 | 5,100/- | വിവാഹധനസഹായം |
| 4 | 799011700000779 | 1,00,054/- | ചികിത്സാധനസഹായം |

3. സി.ആർ.ഡി.ആർ

പരിശോധനാ കാലയളവിൽ സി.ആർ.ഡി.ആർ പരിപാലിച്ചിട്ടുണ്ട്. ഈ രജിസ്റ്ററിൽ പേജ് സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തിയിട്ടില്ല. മുൻ റിപ്പോർട്ടിലെ ഈ പരാമർശത്തിന് ന്യൂനത പരിഹരിച്ചിട്ടുണ്ടെന്നാണ് മറുപടി നൽകിക്കാണുന്നത്. എന്നാൽ ആയത് ഇപ്പോഴും പരിഹരിച്ചിട്ടില്ല. വിശദീകരണം നൽകേണ്ടതാണ്.

4. T.R.5 രസീത് ബുക്കും അവയുടെ സ്റ്റോക്ക് രജിസ്റ്ററും

a) T.R.5 രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിപാലിച്ചിട്ടുണ്ട്. സ്റ്റേഷനറി ഡിപ്പാർട്ട്മെന്റിൽ നിന്നും കേന്ദ്രീകൃത നമ്പർ സിസ്റ്റം പ്രകാരമുള്ള നാല് T.R.5 രസീത് ബുക്കുകൾ ലഭ്യമാക്കിയിരുന്നു. എന്നാൽ അവ കൈപ്പറ്റിയ തീയതി, ബുക്കുകളുടെ നമ്പർ, രസീത് നമ്പർ (എത്ര മുതൽ എത്ര വരെയെന്നത്) രജിസ്റ്ററിൽ രേഖപ്പെടുത്തി കാണുന്നില്ല. 07.05.2018ന് മല്ലപ്പള്ളി പട്ടികജാതി വികസന ഓഫീസർക്ക് ഒരു T.R.5 രസീത് ബുക്ക് (ബുക്ക് നമ്പർ. 08386) നൽകിയിട്ടുണ്ട്. ബാക്കി മൂന്ന് രസീത് ബുക്കുകൾ സ്റ്റോക്കിലുണ്ട്. 19.02.2018 പൂർവ്വാഹ്നം പുതുതായി ചാർജ്ജെടുത്ത ജില്ലാ പട്ടികജാതി വികസന ഓഫീസർ ശ്രീ. എം.ജെ അരവിന്ദാക്ഷൻ ചെട്ടിയാർക്ക് ചാർജ് കൈമാറ്റം ചെയ്തു നൽകിയ വിവരങ്ങൾ T.R.5 സ്റ്റോക്ക് രജിസ്റ്ററിലോ, രസീത് ബുക്കിലോ, രേഖപ്പെടുത്തിയിട്ടില്ല. ന്യൂനതകൾ പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

b) കേന്ദ്രീകൃത നമ്പറിംഗ് സിസ്റ്റം പ്രകാരമുള്ള T.R.5 രസീത് ബുക്ക് നമ്പർ 02044- ലെ രസീത് നമ്പർ ബി എച്ച്. 204358 മുതൽ 204364 വരെ പരിശോധനാ കാലയളവിൽ ഉപയോഗിച്ചിട്ടുണ്ട്. ഇതിൽ രസീത് നമ്പർ 204358 മുതൽ 204362 വരെയുള്ളവ ജില്ലാ പട്ടികജാതി വികസന ഓഫീസർ, പന്തളം മുനിസിപ്പാലിറ്റിയിൽ തെരഞ്ഞെടുപ്പ് റിട്ടേണിംഗ് ഓഫീസർ ആയി പ്രവർത്തിച്ചപ്പോൾ സ്ഥാനാർത്ഥികളിൽ നിന്നും നോമി

നേഷൻ ഫീസ് ഈടാക്കുന്നതിനായിട്ടാണ് ഉപയോഗിച്ചിട്ടുള്ളത്. എന്നാൽ രസീത് നം. 204363, 204364 എന്നിവ ജില്ലാ പട്ടികജാതി വികസന ഓഫീസിന്റെ ആവശ്യത്തിലേയ്ക്കാണ് ഉപയോഗിച്ചിട്ടുള്ളത്. ടി രസീതുകളിൽ ഓഫീസ് സീൽ, ഓഫീസറുടെ ഡെസിഗ്നേഷൻ സീൽ, എന്നിവ പതിച്ചിട്ടില്ല. ഏത് ഇനത്തിലുള്ള തുകയാണെന്നും ക്യാഷ്ബുക്കിൽ വരവ് വച്ച തീയതിയും രേഖപ്പെടുത്തിയിട്ടില്ല. T.R.5 രസീത് മുഖേനെ ഈടാക്കിയ തുക ട്രഷറിയിൽ ഒടുക്കിയതിന്റെ വിവരങ്ങൾ എഴുതിയിട്ടില്ല. വിശദീകരണം നൽകേണ്ടതും, ന്യൂനതകൾ പരിഹരിക്കേണ്ടതുമാണ്.

c) T.R.5 രസീത് നമ്പർ. 204364- ന്റെ ഒറിജിനൽ കാർബൺ പേപ്പർ ഉപയോഗിച്ച് എഴുതിയിരിക്കുന്നു. മാത്രമല്ല, ഒറിജിനൽ രസീതിന്റെ മറുവശത്ത് രസീതിന്റെ ഡ്യൂപ്ലിക്കേറ്റ് കോപ്പി കൈപ്പറ്റിയ ആളുടെ ഒപ്പ് രേഖപ്പെടുത്തിയിട്ടുമില്ല. വിശദീകരണം നൽകേണ്ടതും ന്യൂനത പരിഹരിച്ച് അറിയിക്കേണ്ടതുമാണ്.

## 5. ചെലാൻ ഫയൽ

ചെലാൻ ഫയൽ പരിപാലിച്ചു വരുന്നുണ്ട്. എന്നാൽ 'INDEX' പൂർണ്ണമല്ല. മുൻ ഓഡിറ്റ് നിർദ്ദേശം ഇപ്പോഴും പാലിച്ചു കാണുന്നില്ല. ന്യൂനത പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 6. ശമ്പള വിതരണ രജിസ്റ്റർ (4/2015 മുതലുള്ളത്)

a) ഈ രജിസ്റ്ററിൽ പേജ് നമ്പർ നൽകിയിരിക്കുന്ന രീതി ശരിയല്ല. ഫോം T.R- 95 Rule 432 (a) പ്രകാരമുള്ള അക്വിറ്റൻസ് രജിസ്റ്ററിലെ കോളം 1 മുതൽ 10 വരെ ഉൾപ്പെട്ടതാണ് ഒരു പേജ്. ആ വിധത്തിൽ നമ്പർ നൽകി, പേജ് സർട്ടിഫിക്കറ്റിൽ മാറ്റം വരുത്തി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്. മുൻ ഓഡിറ്റിലും ഇക്കാര്യം നിർദ്ദേശിച്ചിരുന്നുവെങ്കിലും ആയത് പാലിച്ചു കാണുന്നില്ല. വിശദീകരണം നൽകേണ്ടതും, ന്യൂനത പരിഹരിക്കേണ്ടതുമാണ്.

b) ബിൽ നമ്പർ. 68/EP/16-17 പ്രകാരം 02.05.2016- ന് ബാങ്ക് അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്ത 383857/- രൂപ സംബന്ധിച്ച ബാങ്ക് സ്റ്റേറ്റ്മെന്റിൽ ജില്ലാ പട്ടികജാതി വികസന ഓഫീസർ ഒപ്പ് വെച്ചിട്ടില്ല. ന്യൂനത പരിഹരിയ്ക്കേണ്ടതാണ്.

c) 02.05.2016 മുതൽ തുകകൾ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തതിന്റെ TSB സ്റ്റേറ്റ്മെന്റ് ആണ് സൂക്ഷിച്ചിട്ടുള്ളത്. ആയത് പ്രത്യേകം ടാഗിൽ കോർത്ത് വെച്ചിട്ടുണ്ട്.

d) ബിൽ നം. 160/EPB/16-17 പ്രകാരം 13.06.2016- ന് ക്രെഡിറ്റ് ചെയ്ത 33,890/- രൂപയ്ക്കു പകരം 36,968/- രൂപയുടെ ബാങ്ക് സ്റ്റേറ്റ്മെന്റാണ് സൂക്ഷിച്ചിരിക്കുന്നത്. ക്യാഷ് ബുക്കിൽ 33,890/- രൂപയാണ് വരവും ചെലവും കാണിച്ചിട്ടുള്ളത്. വിശദീകരണം നൽകേണ്ടതാണ്.

e) ബിൽ നം. 221/EPB/16-17 പ്രകാരം 01.07.2016 ന് ക്രെഡിറ്റ് ചെയ്ത 373514/- രൂപയ്ക്കു പകരം 347140/- രൂപയുടെ ബാങ്ക് സ്റ്റേറ്റുമെന്റാണ് സൂക്ഷിച്ചിരിക്കുന്നത്. ക്യാഷ് ബുക്കിൽ 373514/- രൂപയാണ് വരവും ചെലവും കാണിച്ചിട്ടുള്ളത്. വിശദീകരണം നൽകേണ്ടതാണ്.

## 7. ശമ്പള ബാങ്ക് സ്റ്റേറ്റ്മെന്റ് 2017-18

2017-18 ൽ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും അക്കൗണ്ടുകളിൽ ക്രെഡിറ്റ് ചെയ്തത് സംബന്ധിച്ച TSB സ്റ്റേറ്റ്മെന്റുകൾ ക്രമമായി ടാഗിൽ കോർത്ത് സൂക്ഷിച്ചിട്ടുണ്ട്. ബിൽ നം. 23/ELS/17-18 പ്രകാരം 11.04.2017- ന് 356726/- രൂപയാണ് ക്രെഡിറ്റ് ചെയ്തു കാണുന്നത്. എന്നാൽ ഈ തുകയ്ക്കു പകരം 254730/- രൂപയുടെ ബാങ്ക് സ്റ്റേറ്റുമെന്റാണ് സൂക്ഷിച്ചിരിക്കുന്നത്. വിശദീകരണം നൽകേണ്ടതും, ന്യൂനത പരിഹരിച്ച് അറിയിക്കേണ്ടതുമാണ്.

## 8. രസീതുകളും, വൗച്ചറുകളും 2016 -17 (Payee's Receipts & Vouchers)

രസീതുകളും, വൗച്ചറുകളും ക്രമപ്രകാരം സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ബിൽ നം. 1452/PoL/16-17 പ്രകാരം 28.02.2017- ന് മാറിയ 2500/- രൂപയുടെ രസീതുകൾ/വൗച്ചറുകൾ പരിശോധനയ്ക്ക് ലഭിച്ചില്ല. ആയത് കണ്ടെടുത്ത് പകർപ്പ് ലഭ്യമാക്കേണ്ടതാണ്.

## 9. Payee's Receipts & BIMS Status Reports - 2017-18

a) 2017-18 ലെ BIMS Status Reports ഉം Payee's Receipts ഉം ക്രമരഹിതമായിട്ടാണ് ടാഗിൽ കോർത്ത് സൂക്ഷിച്ചിട്ടുള്ളത്. ന്യൂനത പരിഹരിക്കേണ്ടതാണ്.

b) ക്യാഷ് ബുക്കിൽ ചെലവ് കാണിച്ചിട്ടുള്ള പല തുകകളുടെയും ക്രെഡിറ്റ് കൺഫർമേഷൻ ഡേറ്റ ലഭ്യമാക്കി സൂക്ഷിച്ചിട്ടില്ലെന്ന് കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു. ആയത് ലഭ്യമാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

| ക്യാഷ് ബുക്കിലെ തീയതി | ക്യാഷ് ബുക്കിൽ ചെലവെഴുതിയ തുകയും |
|---|---|
| 17/02/2017 | 77100 |
| 27/02/2017 | 3874 |
| 29/03/2017 | 7200 |
| 30/03/2017 | 4480 |
| 31/03/2017 | 2560 |
| 11/04/2014 | 356726 |
| 25/05/2017 | 246703 |
| 16/06/2017 | 66938 |
| 12/07/2017 | 84080 |
| 24/08/2017 | 16000 |
| 27/09/2017 | 44706 |
| 23/10/2017 | 28363 |
| 28/11/2017 | 53822 |
| 28/02/2017 | 27742 |
| 19/01/2018 | 40146 |
| 16/02/2018 | 297100 |
| 13/03/2018 | 43224 |
| 24/03/2018 | 14200 |

10. **BIMS 2016-17/Credit Slips/Acknowledgement Receipts**

2016-17 വർഷത്തെ BIMS ക്രെഡിറ്റ് സ്റ്റാറ്റസ് റിപ്പോർട്ടുകൾ ഒരു രജിസ്റ്ററിൽ ഒട്ടിച്ച് തൃപ്തികരമായി പരിപാലിച്ചിട്ടുണ്ടെങ്കിലും ആയത് ക്രമമായി ഒട്ടിച്ചു കാണുന്നില്ല. കൂടാതെ രജിസ്റ്ററിൽ പേജ് സർട്ടിഫിക്കറ്റ് എഴുതി സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. ന്യൂനത പരിഹരിക്കേണ്ടതാണ്.

# പാർട്ട് II

## വിവിധ പദ്ധതികൾ സംബന്ധിച്ച്.

### 1. ലംപ്സംഗ്രാന്റ്വിതരണം

1.04.2016 മുതൽ 31.03.2018 –വരെയുള്ള കാലയളവിലെ ലംപ്സംഗ്രാന്റ്വിതരണം വിവരം ചുവടെ ചേർക്കുന്നു.

| വർഷം | കുട്ടികളുടെ എണ്ണം (പട്ടികജാതി) | ചെലവഴിച്ച തുക | ആൺ | പെൺ |
|---|---|---|---|---|
| 2016-17 | 19868 | 12678850 | 9950 | 9918 |
| 2017-18 | 19814 | 12767930 | 9909 | 9905 |
| | | | | |

ഇതുസംബന്ധിച്ച ബന്ധപ്പെട്ട ഉത്തരവുകളും ക്രമമായി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ബ്ളോക്ക് തിരിച്ച് അനുവദിച്ച തുകയുടെ വിവരം കുട്ടികളുടെ എണ്ണം എന്നിവ സംബന്ധിച്ച് ഒരു രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്. ലംസം ഗ്രാന്റ് വിതരണം സംബന്ധിച്ച യു.സി. എല്ലാ എസ്.സി.ഡി.ഒ മാരും സമയബന്ധിതമായി അയക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്. മറ്റ് പരാമർശങ്ങൾ ഇല്ല

### 2. ദുർബ്ബല വിഭാഗം വിദ്യാർത്ഥികൾക്കുള്ള പ്രതിമാസ സ്റ്റൈപ്പന്റ്.

1.04.2016 മുതൽ 31.03.2018 വരെയുള്ള കാലയളവിൽ ദുർബ്ബല വിഭാഗം വിദ്യാർത്ഥികൾക്ക് നൽകിയ ആനുകൂല്യ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | കുട്ടികളുടെ എണ്ണം | ചെലവഴിച്ച തുക | ആൺ | പെൺ |
|---|---|---|---|---|
| 2016-17 | 30 | 49200 | 12 | 18 |
| 2017-18 | 40 | 63800 | 18 | 22 |
| | | | | |

2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ യഥാക്രമം 49200/, 63800/രൂപ ദുർബ്ബല വിഭാഗം വിദ്യാർത്ഥികൾക്ക് പ്രതിമാസ സ്റ്റൈപ്പന്റ് നല്കുന്നതിനായി ചെലവഴിച്ചതായി കാണുന്നു. വർഷം തിരിച്ചുള്ള വിനിയോഗ സർട്ടിഫിക്കറ്റ് എ.ജി ക്ക് അയച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

### 3. ട്യൂഷൻഫീസ് റീ- ഇംബേഴ്സ്മെന്റ്

1.04.2016 മുതൽ 31.03.2018 വരെ ട്യൂഷൻഫീസ് റീ- ഇംബേഴ്സ്മെന്റ് പദ്ധതി പ്രകാരം ധനസഹായം നല്കിയവരുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | കുട്ടികളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| 2016-17 | 82 | 134508 |
| 2017-18 | 85 | 118641 |

പദ്ധതി പ്രകാരം വിദ്യാർത്ഥികൾക്ക് ബ്ലോക്ക്/ മുനിസിപ്പാലിറ്റി മുഖാന്തരം ചെലവഴിച്ച തുക, തിരിച്ചടവ്, വിനിയോഗ സർട്ടിഫിക്കറ്റ് അയച്ചത് എന്നിവ സംബന്ധിച്ചുള്ള വിവരം പ്രത്യേകം ഒരു രജിസറ്ററിൽ എഴുതി സൂക്ഷിക്കേണ്ടതാണ്. ആഡിറ്റ് കാലയളവിലെ വിനിയോഗ സർട്ടിഫിക്കറ്റ് എ.ജി യ്ക്ക് അയച്ചതായി കാണുന്നില്ല. ആയത് അയച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 4. പ്രൈമറി എഡ്യുക്കേഷൻ എയ്ഡ്.

2017-18 വർഷം പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ് പദ്ധതി പ്രകാരം ധനസഹായം നൽകിയവരുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | കുട്ടികളുടെ എണ്ണം | ചെലവഴിച്ച തുക | ആൺ | പെൺ |
|---|---|---|---|---|
| 2016-17 | 6387 | 12774000 | 3239 | 3148 |
| 2017-18 | 6735 | 13470000 | 3393 | 3342 |

പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ് വിതരണം സംബന്ധിച്ച് രജിസ്റ്റർ പരിപാലിക്കുന്നില്ല. ആയത് പരിപാലിക്കേണ്ടതാണ്. 2016-17 വർഷത്തെ യു.സി എല്ലാ എസ്.സി.ഡി.ഒ മാരിൽ നിന്നും ലഭിച്ചതായി കാണുന്നു. 2017-18 വർഷത്തെ സർട്ടിഫിക്കറ്റിന്റെ പകർപ്പ് കൂടി ലഭ്യമാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ബന്ധപ്പെട്ട ബ്ളോക്ക്/മുനിസിപ്പാലിറ്റി എസ്.സി.ഡി.ഒ മാർ തുക മാറി സാധനങ്ങൾ വാങ്ങിയതിന്റെ രസീതുകൾ ഉൾപ്പടെയുള്ള രേഖകളും, അക്വിറ്റൻസും സ്ഥാപന മേധാവിക ളിൽ നിന്ന് ശേഖരിച്ച് പദ്ധതി വിനിയോഗം ഉറപ്പു വരുത്തുന്നുണ്ടന്നും, എസ്.സി.ഡി.ഒ മാർ ഫീൽഡ് പരിശോധന യഥാസമയം നടത്തുന്നുണ്ടന്നും ജില്ലാ പട്ടികജാതി വികസന ഓഫീ സർമാർ ഉറപ്പു വരുത്തേണ്ടതാണ്.

## 5. ശ്രീ.അയ്യൻകാളിടാലന്റ് സെർച്ച് ആന്റ് ഡവലപ്മെന്റ് സ്കീം.

2016-17, 2017-18 വർഷത്തിൽ ധനസഹായം നല്കിയവിദ്യാർത്ഥികളുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | കുട്ടികളുടെ എണ്ണം | ചെലവഴിച്ച തുക | ആൺ/പെൺ |
|---|---|---|---|
| 2016-17 | Fresh - 155 | 697500/- | ആൺ-70, പെൺ-85 |
| | Renewal - 233 | 1048500/- | ആൺ-96, പെൺ-137 |
| 2017-18 | Fresh - 90 | 405000/- | ആൺ-45, പെൺ-45 |
| | Renewal - 293 | 1318500/- | ആൺ-121, പെൺ-172 |

ആനുകൂല്യം അനുവദിച്ച ഉത്തരവുകളുടെ പകർപ്പുകളും ക്രമമായി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. രജിസ്റ്റർ നന്നായി പരിപാലിക്കുന്നുണ്ടെങ്കിലും പേജ്നമ്പർ നൽകി സാക്ഷ്യപ്പെടുത്തൽ വരുത്തിയതായി കാണുന്നില്ല. ന്യൂനത പരിഹരിക്കേണ്ടതാണ്.

രജിസ്റ്റർ പരിപാലിക്കുന്നതിൽ ചില എസ്.സി.ഡി.ഒ മാർ വേണ്ടത്ര ശ്രദ്ധ കാണിക്കുന്നില്ലായെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മിക്ക ഓഫീസുകളിലും രജിസ്റ്റർതന്നെയാണ് അക്വിറ്റൻസായും ഉപയോഗിക്കുന്നത്. ഓരോവർഷവും പുതുതായി തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികളെ ഉൾപ്പെടുത്തി രജിസ്റ്റർ പരിപാലിക്കേണ്ടതും, ആനുകൂല്യ വിതരണം, പഠിക്കുന്ന ക്ളാസ്, Renewal /Fresh , ആൺ/ പെൺ കണക്കുകൾ എന്നീ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണെന്ന കർശന നിർദ്ദേശം എസ്.സി.ഡി.ഒ മാർക്ക് നൽകാൻ നിർദ്ദേശിക്കുന്നു.

ഈ സ്കീമിലേയ്ക് തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികളുടെ പഠന നിലവാരം സ്കൂൾ അധികൃതരുമായി ബന്ധപ്പെട്ട് പരിശോധിക്കുന്നതിനും, കുട്ടികളുടെ ഭവനങ്ങളിൽ സന്ദർശനം നടത്തി പഠനനിലവാരം ഉറപ്പുവരുത്തുന്നതിനും എസ്.സി പ്രമോട്ടർമാരുടെ സേവനം എസ്.സി.ഡി.ഒ.മാർ പ്രയോജനപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾ ഉയർന്ന ക്ലാസ്സുകളിൽ എത്തുമ്പോൾ പഠനത്തിൽ പിന്നോക്കം പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിർദ്ദേശം കർശനമായി പാലിക്കേണ്ടതാണ്.

## 6. ശ്രീ.അയ്യൻകാളിടാലന്റ് സേർച്ച് സെമിനാർ.

ശ്രീ അയ്യൻകാളി മെമ്മോറിയൽ ടാലന്റ് ആന്റ് ഡവലപ്മെന്റ് സ്കീം പ്രകാരം സ്കോളർഷിപ്പിന് തിരെഞ്ഞടുത്ത വിദ്യാർത്ഥികൾ, രക്ഷകർത്താക്കൾ എന്നിവർക്കായി 2016-17, 2017-18 വർഷങ്ങളിൽ പത്തനംതിട്ട കളക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ വെച്ച് ഏകദിന സെമിനാർ സംഘടിപ്പിച്ചതായി കാണുന്നു. സെമിനാറിന്റെ ചിലവിലേയ്ക്ക് 2016-17 വർഷം 19000/ രൂപ മുൻകൂർ മാറിയത് 20.01.2017 ലെ സി 7228/16 ഉത്തരവ് പ്രകാരം ക്രമീകരിച്ചിട്ടുണ്ട്. 2017-18 വർഷം 20000/ രൂപ മുൻകുർമാറുകയും 20050/ രൂപ ചിലവാകുകയും ചെയ്തിട്ടുണ്ട്. മുൻകൂർ മാറിയ 20000/ രൂപ 23.11.2017 ലെ സി 4141/17(2) ഉത്തരവ് പ്രകാരം ക്രമീകരിച്ചതായി കാണുന്നു. സെമിനാറിന് കുട്ടികളും രക്ഷകർത്താക്കളുമായി യഥാക്രമം 2016-17 വർഷം 149 പേരും, 2017-18 വർഷം 164 പേരും പങ്കെടുത്തിട്ടുണ്ട്.

ഇതു സംബന്ധിച്ച് ഓരോ വർഷവും അനുവദിച്ച തുക, പങ്കെടുത്തവർ, ചിലവ് വിവരം, തുക ക്രമീകരിച്ച വിവരം, എ.ജി യ്ക്ക് അയച്ച യുസി എന്നീ വിവരങ്ങൾ കൂടി രജിസ്റ്ററിൽ എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

2016-17 വർഷത്തെ യു.സി മാത്രം അയച്ചതായി കാണുന്നു. 2017-18 വർഷത്തെ യു.സി കൂടി എ.ജി യ്ക്ക് അയച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

7. **പ്രത്യേക പ്രോത്സാഹന സമ്മാനം.**

2016-17, 2017-18 വർഷങ്ങളിൽ ഈ പദ്ധതി പ്രകാരം ധനസഹായം നല്കിയവരുടെ ബ്ളോക്ക് തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ബ്ളോക്ക് പഞ്ചായത്ത്/ മുനിപ്പാലിറ്റി | 2016-17 | | | | 2017-18 | | | |
|---|---|---|---|---|---|---|---|---|---|
| | | അനുവദിച്ച തുക | കുട്ടികളുടെ എണ്ണം | ആൺ | പെൺ | അനുവദിച്ച തുക | കുട്ടികളുടെ എണ്ണം | ആൺ | പെൺ |
| 1 | തിരുവല്ല മുനിസിപ്പാലിറ്റി | 132220 | 50 | 32 | 18 | 127000 | 58 | 17 | 41 |
| 2 | മല്ലപ്പള്ളി ബ്ളോക്ക് | 229000 | 107 | 31 | 76 | 253500 | 109 | 46 | 63 |
| 3 | പുളിക്കീഴ് ബ്ളോക്ക് | 33000 | 16 | 8 | 8 | 61000 | 32 | 14 | 18 |
| 4 | കോയിപ്രം ബ്ളോക്ക് | 91500 | 43 | 20 | 23 | 106500 | 55 | 20 | 35 |
| 5 | ഇലന്തൂർ ബ്ളോക്ക് | 289500 | 117 | 30 | 87 | 266000 | 104 | 35 | 69 |
| 6 | റാന്നി ബ്ളോക്ക് | 165500 | 71 | 27 | 44 | 122000 | 53 | 18 | 35 |
| 7 | കോന്നി ബ്ളോക്ക് | 145500 | 70 | 30 | 40 | 164000 | 77 | 23 | 54 |
| 8 | പന്തളം ബ്ളോക്ക് | 397500 | 170 | 74 | 96 | 334000 | 133 | 44 | 89 |
| 9 | പറക്കോട് ബ്ളോക്ക് | 381000 | 167 | 61 | 106 | 471000 | 199 | 74 | 125 |
| | ആകെ | **1857500** | **811** | **313** | **498** | **1905000** | **820** | **291** | **529** |

പ്രത്യേക പ്രോത്സാഹന സമ്മാന പദ്ധതി സംബന്ധിച്ച് നല്ല രീതിയിൽ രജിസ്റ്റർ/ ഫയൽ പരിപാലിച്ചു വരുന്നു.

ബ്ളോക്കുകളിൽ നിന്നുള്ള 2016-17 വർഷത്തേതു മാത്രം വിനിയോഗ സർട്ടിഫിക്കറ്റ് പകർപ്പ് ലഭിച്ചതായി കാണുന്നുള്ളൂ. 2017-18 വർഷത്തേതു കൂടി ലഭ്യമാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്. മറ്റു പരാമർശങ്ങൾ ഇല്ല.

8. **പാരലൽ കോളേജ് എഡ്യൂക്കേഷൻ എയ്ഡ്**

2016-17, 2017-18 വർഷത്തിൽ പാരലൽ കോളേജ് മുഖാന്തരം ധനസഹായം നല്കിയ വിദ്യാർത്ഥികളുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | കുട്ടികളുടെ എണ്ണം | ചെലവഴിച്ച തുക | സ്ഥാപനം |
|---|---|---|---|
| 2016-17 | SC - 276 | 2642159/- | 16 |
| | OEC - 160 | 428508/- | |
| 2017-18 | SC - 287 | 2682421/- | 16 |
| | OEC - 165 | | |

ആനുകൂല്യം അനുവദിച്ച ഉത്തരവുകളുടെ പകർപ്പുകളും ക്രമമായി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ബ്ളോക്ക് തിരിച്ചുള്ള വിവരം സംബന്ധിച്ച് ഒരു രജിസ്റ്റർ പരിപാലിക്കേണ്ടതാണ്. 2017-18 വർഷം OEC വിഭാഗത്തിനു ചെലവഴിച്ച തുക സംബന്ധിച്ച് ഫയലിലെ അവ്യക്തത പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്. ആഡിറ്റ് കാലയളവിലെ ബ്ളോക്ക് തിരിച്ചുള്ള യു. സി യുടെ പകർപ്പ് ഫയലിൽ ലഭ്യമല്ല. വിവരം ലഭ്യമാക്കേണ്ടതാണ്.

പാരലൽ കോളേജ് മുഖാന്തരം പഠിക്കുന്ന വിദ്യാർത്ഥികളുടെ പഠന നിലവാരം, ഹാജർ, അകിറ്റൻസ് എന്നിവയുടെ നിജസ്ഥിതി എസ്.സി.ഡി.ഒ.മാർ സ്ഥാപനപരിശോധനയിലൂടെ വില യിരുത്തുന്നുണ്ടെന്ന് ജില്ലാ പട്ടികജാതി വികസന ഓഫീസർ ഉറപ്പു വരുത്തേണ്ടതാണ്. ഇതി ലേയ്ക്ക് ആവശ്യമായ നിർദ്ദേശം എസ്.സി.ഡി.ഒ.മാർക്ക് നൽകേണ്ടതാണ്.

ജില്ലാ ഓഫീസിൽ ലഭിക്കുന്ന പ്ലസ് വൺ വിദ്യാർത്ഥികളുടെ അപേക്ഷയോടൊപ്പം സർക്കാർ/ എയ്ഡഡ് സ്കൂളുകളിൽ പ്രവേശനം ലഭിച്ചിട്ടില്ല എന്നതിന്റെ നോഡൽ സർട്ടിഫി ക്കറ്റ് ഉണ്ടോ എന്ന് നിർബന്ധമായും പരിശോധിച്ച് മാത്രമേ ആനുകൂല്യം അനുവദിക്കേ ണ്ടതുള്ളൂ. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

9. **വിജ്ഞാൻവാടി**

പട്ടികജാതി വിദ്യാർത്ഥികളുടെയും യുവാക്കളുടെയും ഉന്നമനം ലക്ഷ്യമാക്കിയും ആനു കാലിക വിജ്ഞാനം സമ്പാദിക്കുന്നതിനും മത്സര പരീക്ഷകൾക്ക് ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കുന്നതിനുമായി പട്ടികജാതിക്കാർ അധിവസിക്കുന്ന പ്രദേശത്ത് ഇന്റർനെറ്റ് സൗകര്യ ത്തോടുകൂടി സംസ്ഥാനത്തെ വിവിധ പഞ്ചായത്തുകളിൽ ആരംഭിച്ച മഹത്തായ സംരംഭമാണ് വിജ്ഞാൻ വാടികൾ.

ജില്ലയിൽ ആകെ 12 വിജ്ഞാൻവാടികളിൽ 9 എണ്ണമാണ് നിലവിൽ പ്രവർത്തിക്കുന്നത്. പറക്കോട് ബ്ളോക്കിൽ ലക്ഷം വീട് കോളനിയിലേത് ഓഫീസ് സാമഗ്രികൾ ലഭ്യമല്ലാത്തതിനാ ലും, റാന്നി ബ്ളോക്കിലെ കട്ടച്ചിറ കോളനിയിലേത് കെട്ടിടത്തിലുള്ള ചോർച്ച കാരണവും, റാന്നി ബ്ളോക്കിലെ കൂത്താട്ടുകുളത്തേത് വൈദ്യുതി കണക്ഷൻ ലഭ്യമല്ലാത്തതിനാലും പ്രവർത്തിച്ചു തുടങ്ങിയിട്ടില്ല. പ്രവർത്തിക്കാത്തവ അടിയന്തരമായി പ്രവർത്തനക്ഷമമാക്കുന്ന തിലേയ്ക്ക് DDO പ്രത്യേക ശ്രദ്ധ ചെലുത്തി തുടർ നടപടി സ്വീകരിക്കേണ്ടതാണ്. പ്രവർത്തിച്ചു വരുന്ന വിജ്ഞാൻവാടികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ബ്ളോക്ക്/മുനിസിപ്പാലിറ്റി | എണ്ണം |
|---|---|
| മല്ലപ്പള്ളി | 1 |
| പന്തളം | 1 |
| പറക്കോട് | 4 |
| പുളിക്കീഴ് | 1 |
| കോയിപ്രം | 1 |
| റാന്നി | 1 |

2016-17 സാമ്പത്തിക വർഷം 170592/-രൂപയും 2017-18 വർഷം 365085/- രൂപയും വിജ്ഞാൻവാടികളുടെ നിർമ്മാണത്തിനും ആവർത്തനചെലവുകൾക്കുമായി ചെലവവിച്ചിട്ടുള്ള തായി കാണുന്നു.

10. **ലാപ്പ്ടോപ്പ് വിതരണം**

പട്ടികജാതി വികസന വകുപ്പിൽ നിന്നും വിദ്യാഭ്യാസം ലഭിക്കുന്ന വിവിധ കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങുന്നതിന് ധനസഹായം നൽകി വരുന്നു. 2016-17, 2017-18 വർഷം ജില്ലയിൽ അനുവദിച്ച തുകയുടെ വിവരം ചുവടെ ചേർക്കു ന്നു.

| വർഷം | സ്ഥാപനം | വിദ്യാർത്ഥി കളുടെ എണ്ണം | അനുവദിച്ച തുക | ചിലവഴിച്ച തുക | തിരിച്ചടച്ച തുക |
|---|---|---|---|---|---|
| 2016-17 | 22 | 99 | 3900000 | 2475000 | 1425000 |
| 2017-18 | 22 | 97 | 4075000 | 2425000 | 1650000 |

രജിസ്റ്റർ പരിപാലിക്കുന്നുണ്ടെങ്കിലും പേജ്നമ്പറിട്ട് സാക്ഷ്യപ്പെടുത്തൽ വരുത്തിയതായി കാണുന്നില്ല. കൂടാതെ 2017-18 വർഷത്തെ വിവരങ്ങൾ കൂടി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ന്യൂനതകൾ പരിഹരിക്കേണ്ടതാണ്.

ആനുകൂല്യം അനുവദിച്ച ഉത്തരവുകളുടെ പകർപ്പ് ക്രമമായി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. 2016-17 വർഷം ലാപ്ടോപ്പ് തുക അനുവദിച്ചതിൽ 87 കുട്ടികൾ മാത്രമാണ് ആയത് കൈപ്പറ്റി യത്. കൈപ്പറ്റാത്ത തുക സ്ഥാപനം തിരിച്ചടച്ചതായി കാണുന്നു.

സ്ഥാപനത്തിൽ നിന്നുള്ള 2016-17 വർഷത്തെ അക്വിറ്റൻസ് മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. തുടർന്നുള്ള വർഷത്തേതു കൂടി ലഭ്യമാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

2016-17 വർഷത്തെ യു.സി ഏ.ജി ക്ക് അയച്ചതായി കാണുന്നു. 2017-18 വർഷത്തേതു കൂടി അയച്ച് വിവരം റിപ്പോർട്ട്ചെയ്യേണ്ടതാണ്.

11. <u>സ്റ്റെതസ്ക്കോപ്പ് വിതരണം</u>

2016-17, 2017-18 വർഷം പദ്ധതി പ്രകാരം ധനസഹായം നൽകിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | കുട്ടികളുടെ എണ്ണം | അനുവദിച്ച തുക | ചെലവഴിച്ച തുക | തിരിച്ചടച്ച തുക |
|---|---|---|---|---|
| 2016-17 | 13 | 75400 | 75400 | - |
| 2017-18 | 9 | 92800 | 52200 | 40600 |

ആനുകൂല്യം അനുവദിച്ചതു സംബന്ധിച്ച് ഒരു രജിസ്റ്റർ പരിപാലിക്കുന്നുണ്ട്. രജിസ്റ്ററിൽ പേജ് നമ്പർ എഴുതി സർട്ടിഫിക്കറ്റ് എഴുതേണ്ടതും വർഷാന്ത്യമുള്ള സംക്ഷിപ്തം, സ്ഥാപനങ്ങ ളിൽ നിന്നും ലഭിക്കുന്ന അക്വിറ്റൻസിൻന്റെ വിവരം, വിനിയോഗ സർട്ടിഫിക്കറ്റ് അയച്ചതിന്റെ വിവരം എന്നിവ കൂടി എഴുതി സൂക്ഷിക്കുവാൻ നിർദ്ദേശിക്കുന്നു.

2016-17 വർഷത്തെ യു. സി. അയച്ചതായി കാണുന്നു 2017-18 വർഷത്തേതു കൂടി അയച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ആനുകൂല്യം അനുവദിച്ച ഉത്തരവുകളുടെ പകർപ്പുകളും ക്രമമായി ഫയലിൽ സൂക്ഷി ച്ചിട്ടുണ്ട്. 2017-18 വർഷം പുഷ്പഗിരി മെഡിക്കൽകോളേജ് ഒഴികെയുള്ള സ്ഥാപനങ്ങളിൽ നിന്നുള്ള അക്വിറ്റൻസ് ലഭിച്ചതായി ഫയലിൽ കാണുന്നില്ല. ലഭ്യമാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

12. **മെഡിക്കൽ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയ്ക്ക് പരിശീലനം.**

മെഡിക്കൽ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയ്ക്ക് പരിശീലനം നല്കുന്ന പദ്ധതിപ്രകാരം 2016-17,2017-18 വർഷം ചിലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | കുട്ടികളുടെ എണ്ണം | അനുവദിച്ച തുക | ചിലവഴിച്ച തുക | തിരിച്ചടച്ച തുക | സ്ഥാപനം |
|---|---|---|---|---|---|
| 2016-17 | I year - 65<br>II Year - 36<br>---<br>ആകെ - 101<br>--- | 1150000 | 1010000 | 14000 | എസ്.കെ എഡ്യൂക്കേഷൻ, തിരുവല്ല, അടൂർ |
| 2017-18 | I year - 62<br>II Year - 64<br>---<br>ആകെ - 126<br>--- | 1300000 | 1280000 | 20000 | |

രജിസ്റ്റർ പരിപാലിക്കുന്നുണ്ട്. പേജ് നമ്പർ നൽകി സർട്ടിഫിക്കറ്റ് കൂടി എഴുതേണ്ടതാണ്. 2016-17 വർഷത്തെ സ്ഥാപനത്തിൽ നിന്നുള്ള അക്വിറ്റൻസ് ലഭിച്ചതായി കാണുന്നു. തുടർന്നുള്ള വർഷത്തേതു കൂടി ലഭ്യമാക്കേണ്ടതാണ്.

എ.ജിക്കുള്ള വിനിയോഗ സർട്ടിഫിക്കറ്റ് 2016-17 വർഷത്തേതു മാത്രം അയച്ചിട്ടുണ്ട്, തുടർന്നുള്ള വർഷത്തേതു കൂടി അയച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

പദ്ധതി പ്രകാരം പരിശീലനം നൽകിയ എത്ര വിദ്യാർത്ഥികൾ മെഡിക്കൽ /എഞ്ചിനീയറിംഗ് പ്രവേശനത്തിന് അർഹത നേടിയിട്ടുണ്ടെന്ന വിവരം വർഷം തിരിച്ച് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിനും സ്ഥാപനം എസ്.സി.ഡി.ഒ മുഖാന്തരം പരിശോധന നടത്തി വിദ്യാർത്ഥികളുടെ പഠന നിലവാരം വിലയിരുത്തുന്നതിനും നിർദ്ദേശിക്കുന്നു.

13. **നഴ്സറി സ്കൂൾ, പ്രീ-മെട്രിക്,പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ,എം,ആർ.എസ്സ്**

നഴ്സറി സ്കൂൾ,പ്രീ-മെട്രിക്,പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ,എം,ആർ.എസ്സ് എന്നിവയുടെ പ്രവർത്തന ച്ചെലവുകൾ ചുവടെ ചേർക്കുന്നു

***2016-17 സാമ്പത്തിക വർഷം.***

| സ്ഥാപനം | സ്ഥാപനങ്ങളുടെ എണ്ണം | കുട്ടികളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|
| നഴ്സറി സ്കൂൾ | 8 | 106 | 335485 |
| പ്രീ-മെട്രിക് ഹോസ്റ്റലുകൾ | 5 | 117 | 2292195 |
| പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ | - | - | - |
| എം,ആർ.എസ്സ് കൾ | - | - | - |

***2017-18 സാമ്പത്തിക വർഷം***

| സ്ഥാപനം | സ്ഥാപനങ്ങളുടെ എണ്ണം | കുട്ടികളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|
| നഴ്സറി സ്കൂൾ | 8 | 112 | 484077 |
| പ്രീ-മെട്രിക് ഹോസ്റ്റലുകൾ | 5 | 135 | 3536025 |
| പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ | - | - | - |
| എം,ആർ.എസ്സുകൾ | - | - | - |

ആനുകൂല്യം അനുവദിച്ച ഉത്തരവുകളുടെ പകർപ്പുകളും ക്രമമായി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. പദ്ധതി സംബന്ധിച്ചുള്ള വിവരം ഒരു രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കേണ്ടതാണ്. മറ്റ് പരാമർശങ്ങൾ ഇല്ല

14. **പോസ്റ്റ്മെട്രിക് വിദ്യാഭ്യാസം**

ജില്ലയിലെ പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യം (ഇ-ഗ്രാന്റ്സ്) നൽകിയത് സംബന്ധിച്ച സംക്ഷിപ്തം ചുവടെ ചേർക്കുന്നു. മറ്റു പരാമർശങ്ങളില്ല.

| വർഷം | കാറ്റഗറി | ഇ-ഗ്രാന്റ്സ് ലഭ്യമായ കുട്ടികളുടെ എണ്ണം | ആകെ ചെലവ് |
|---|---|---|---|
| 2016-17 | എസ്.സി. | 8706 | 76091000 |
| | ഒ.ഇ.സി. | 4513 | 54296000 |
| | ഒ.ബി.സി. | 6004 | 9295000 |
| | കെ.പി.സി.ആർ | 3755 | 10291000 |
| | എസ്.ഇ.ബി.സി. | 1545 | 6770000 |
| | എഫ്.സി. | 1510 | 594900 |
| 2017-18 | എസ്.സി. | 8169 | 68486000 |
| | ഒ.ഇ.സി. | 4178 | 59944000 |
| | ഒ.ബി.സി. | 5555 | 9247000 |
| | കെ.പി.സി.ആർ | 3615 | 10223000 |
| | എസ്.ഇ.ബി.സി. | 1442 | 708600 |
| | എഫ്.സി. | 1288 | 6026000 |

15. **ബുക്ക് ബാങ്ക് പദ്ധതി**

ബുക്ക് ബാങ്ക് പദ്ധതി പ്രകാരം 2016-17, 2017-18 വർഷം ചെലവഴിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | സ്ഥാപനം | വിദ്യാർത്ഥികളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|
| 2016-17 | 5 | 131 | 209000 |
| 2017-18 | 5 | 116 | 182000 |

ആനുകൂല്യം അനുവദിച്ച ഉത്തരവുകളുടെ പകർപ്പ്, സ്ഥാപന മേധാവികളിൽ നിന്നുള്ള കൈപ്പറ്റ് രസീത് എന്നിവ ക്രമമായി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് ഒരു രജിസ്റ്റർ പരിപാലിച്ചു വരുന്നുണ്ട്. വർഷാന്ത്യമുള്ള സംക്ഷിപ്ത വിവരം കൂടി എഴുതി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

2016-17 വർഷത്തെ ഗവ: പോളിടെക്കിനിക്ക്, അടൂർ ഒഴികെയുള്ളസ്ഥാപനങ്ങളിൽ നിന്നുള്ള അക്വിറ്റൻസ് ലഭ്യമാക്കിയിട്ടുണ്ട്. ആഡിറ്റ് കാലയളവിലെ വിനിയോഗ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ബ്ളോക്കുകളിൽ ലഭ്യമായതായി കാണുന്നില്ല. വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

16. അഡ്വക്കേറ്റ് ഗ്രാന്റ്

2016-17, 2017-18 വർഷം ടി പദ്ധതിക്കായി യഥാക്രമം 4 പേർക്കും, 2 പേർക്കും ഈ ആനുകൂല്യം നൽകിയിട്ടുണ്ട്. വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കൾ | ചെലവഴിച്ച തുക | ആൺ/പെൺ | |
|---|---|---|---|---|
| 2016-17 | 4 | 42100 | 2 | 2 |
| 2017-18 | 2 | 33250 | 1 | 1 |

ഇതിലേയ്ക്ക് പ്രത്യേക രജിസ്റ്റർ പരിപാലിക്കേണ്ടതാണ്. 2016-17 ലെ വിനിയോഗ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിന് അയച്ചതായി കാണുന്നു. തുടർന്നുള്ള വർഷത്തേതു കൂടി അയച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

17. ഗവൺമെന്റ് ഓഫ് ഇന്ത്യ സ്കോളർഷിപ്പ്

| വർഷം | അനുവദിച്ച തുക | ആകെ ചിലവഴിച്ച തുക | ചിലവഴിച്ച തുക | സ്ഥാപനങ്ങളുടെ എണ്ണം | വിദ്യാർത്ഥികളുടെ എണ്ണം |
|---|---|---|---|---|---|
| 2016-17 | - | - | Outside Kerala - nil | | |
| | | | Inside Kerala - nil | | |
| 2017-18 | 10613412 | 10613412 | Outside Kerala -4528831 | 22 | 82 |
| | | | Inside Kerala - 6084581 | 28 | 190 |

വർഷം തിരിച്ച് വിനിയോഗ സാക്ഷ്യപത്രം അക്കൗണ്ടന്റ് ജനറലിന് അയച്ചു കൊടുത്ത് വിവരം റിപ്പോർട്ടു ചെയ്യേണ്ടതാണ്. ഇതു സംബന്ധിച്ച് പ്രത്യേക രജിസ്റ്റർ എഴുതി സാക്ഷ്യപ്പെടുത്തേണ്ടതും സ്ഥാപനങ്ങളിൽ നിന്നുള്ള അക്വിറ്റൻസ്, വർഷാന്ത്യമുള്ള സംക്ഷിപ്തം, വിനിയോഗ സർട്ടിഫിക്കറ്റിന്റെ വിവരം എന്നിവ കൂടി എഴുതി സൂക്ഷിക്കേണ്ടതാണ്. മറ്റു പരാമർശമില്ല

**18. അതിക്രമം തടയൽ നിയമം-ധനസഹായ പദ്ധതി**

2016-17 മുതൽ 2017-18 വരെയുള്ള വർഷങ്ങളിൽ അതിക്രമം തടയൽ നിയമ പ്രകാരം ധനസഹായം അനുവദിച്ചതിന്റെ ഒരു സംക്ഷിപ്ത വിവരം ചുവടെ ചേർക്കുന്നു.

| വർഷം | അനുവദിക്കപ്പെട്ടവരുടെ എണ്ണം | ചെലവ് |
|---|---|---|
| 2016-17 | 22 | 1537500 |
| 2017-18 | 17 | 1545000 |

ഗുണഭോക്താക്കളുടെ വിവരം, അനുവദിച്ച തുക എന്നിവ എന്നിവ ക്രമമായി രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്. 2016-17 വർഷം സെമിനാർ സംഘടിപ്പിക്കുന്നതിനായി 50000/ രൂപ ചിലവഴിച്ചത് ക്രമീകരിച്ചതായി കാണുന്നു. വർഷം തിരിച്ചുള്ള വിനിയോഗ സർട്ടിഫിക്കറ്റ് എ.ജി ക്ക് അയച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്. മറ്റു പരാമർശമില്ല

**19. ചികിത്സാ ധനസഹായം**

2016-17, 2017-18 വർഷങ്ങളിൽ ചികിത്സാ ധനസഹായം നൽകിയതിന്റെ പുരോഗതി വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| 2016-17 | 1482 | 32273500 |
| 2017-18 | 1328 | 22726300 |

ടി ആവശ്യത്തിലേക്കുള്ള പ്രത്യേക രജിസ്റ്റർ പരിപാലിക്കുന്നതിൽ പേജ് നമ്പർ നൽകി ഡി.ഡി.ഒ സാക്ഷ്യപ്പെടുത്തൽ വരുത്തേണ്ടതാണ്. ചികിത്സാ ധനസഹായ ഇനത്തിൽ ജില്ലാ ഓഫീസ് മുഖേന നേരിട്ട് തുക നൽകിയതായി കാണുന്നില്ല. ബ്ളോക്ക് മുഖാന്തരമാണ് ടി തുക നൽകിയിരിക്കുന്നത്. എസ്.സി.ഡി.ഒ. മുഖേന വിനിയോഗ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിന് അയച്ചു കൊടുത്ത വിവരങ്ങൾ കൂടി രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതാണ്. കൂടാതെ വർഷാന്ത്യം ടി ഇനത്തിൽ ബ്ളോക്ക് തിരിച്ച് വിതരണം ചെയ്ത തുകയുടെ സംക്ഷിപ്ത രൂപം കൂടി എഴുതേണ്ടതാണ്. വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**20. മിശ്രവിവാഹധനസഹായം.**

ആഡിറ്റ് കാലയളവിൽ ജില്ലയിൽ മിശ്രവിവിഹധനസഹായം അനുവദിക്കപ്പെട്ടവരുടെ എണ്ണവും ചെലവ് വിവരവും ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളാടെ എണ്ണം | ചിലവ് | ആൺ/പെൺ |
|---|---|---|---|
| 2016-17 | 35 | 1750000 | ആൺ- 18<br>പെൺ- 17 |
| 2017-18 | 54 | 3160000 | ആൺ- 36<br>പെൺ- 18 |

ആനുകൂല്യം അനുവദിച്ച ഉത്തരവുകളുടെ പകർപ്പ് ക്രമമായി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ടി ആവശ്യത്തിലേയ്ക്ക് പ്രത്യേക രജിസ്റ്റർ പരിപാലിക്കേണ്ടതാണ്. ബ്ലോക്ക് മുഖാന്തിരം ചെലവഴിച്ചതിന്റെ വിവരം, വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയത്, ഗുണഭോക്താക്കൾ ആരംഭിക്കുന്ന സംരംഭങ്ങളുടെ വിവരം തുടങ്ങിയവ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

മിശ്ര വിവാഹ ധനസഹായ പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കൾ ടി തുക പ്രയോജനപ്പെടുത്തി സംരംഭം ആരംഭിച്ചിട്ടുണ്ടെന്നും, സ്ഥാപനം ആരംഭിക്കുവാൻ ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ ആയത് രജിസ്റ്റർ ചെയ്യുന്നുണ്ടെന്നും, ആട്, പശു തുടങ്ങിയ വളർത്തു മൃഗങ്ങൾ വാങ്ങിയ ഗുണഭോക്താക്കൾ ആയത് ഇൻഷർ ചെയ്യുന്നുണ്ടെന്നും പരിശോധിച്ച് ഉറപ്പു വരുത്തുവാൻ എസ്.സി.ഡി.ഒ മാർക്ക് ആവശ്യമായ നിർദ്ദേശം നൽകേണ്ടതാണ്.

മിശ്ര വിവാഹധനസഹായത്തിനുള്ള അപേക്ഷയോടൊപ്പം ഭാര്യ-ഭർത്താവിന്റെ പേരിലുള്ള ഒറ്റ കുടുംബ വാർഷിക വരുമാന സർട്ടിഫിക്കറ്റാണ് വാങ്ങുന്നതെന്നും എ.ജിക്കുള്ള വിനിയോഗ സർട്ടിഫിക്കറ്റ് എസ്.സി.ഡി.ഒമാർ സമയബന്ധിതമായി അയക്കുന്നുണ്ടെന്നും DDO ഉറപ്പുവരുത്തേണ്ടതുമാണ്. വിവരം റിപ്പോർട്ട് ചെയ്യുക.

## 21. വിവാഹ ധനസഹായ പദ്ധതി.

2016-17, 2017-18 വർഷം ടി പദ്ധതി പ്രകാരമുള്ള ചിലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക | ചിലവ് | തിരിച്ചടച്ച / സറണ്ടർ തുക |
|---|---|---|---|---|
| 2016-17 | 542 | 27285000 | 27100000 | 185000 |
| 2017-18 | 410 | 26600000 | 26600000 | 0 |

ആഡിറ്റ് കാലയളവിൽ ആനുകൂല്യം അനുവദിച്ച ഉത്തരവുകളുടെ പകർപ്പുകൾ ക്രമമായി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ബ്ളോക്കിൽ നിന്നുള്ള വിനിയോഗ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഫയലിൽ ലഭ്യമല്ല. 2016- 17 വർഷത്തെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ട്. തുടർന്നുള്ള വർഷത്തെ രജിസ്റ്റർ പരിപാലിച്ചു കാണുന്നില്ല. വിവിധ ബ്ളോക്കുകൾക്ക് നൽകിയ തുക, ഗുണഭോക്താക്കളുടെ വിവരം, വർഷാന്ത്യമുള്ള സംക്ഷിപ്തം, വിനിയോഗ സർട്ടിഫിക്കറ്റ് അയച്ചതിന്റെ വിവരം എന്നിവ രജിസ്റ്ററിൽ രേഖപ്പെടുത്തി DDO സാക്ഷ്യപ്പെടുത്തുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ന്യൂനതകൾ പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 22. ടോയിലറ്റ് നിർമ്മാണ ധനസഹായ പദ്ധതി.

ടോയിലറ്റ് നിർമ്മാണ പദ്ധതി പ്രകാരം 2017-18 സാമ്പത്തിക വർഷം തുക അനുവദിച്ചതായി കാണുന്നില്ല. ജില്ലയിൽ മുൻവർഷങ്ങളിലെ സ്പിൽ ഓവറായി 120 എണ്ണം പൂർത്തിയാക്കുവാൻ ഉള്ളതായി കാണുന്നു. ആയത് വളരെ കൂടുതലാണ്. ഒ.ഡി.എഫ് പ്രഖ്യാപിച്ചതിനാൽ പദ്ധതി പൂർത്തീകരണത്തിലേയ്ക്ക് ഡയറക്ട്രേറ്റിൽ നിന്നുള്ള പ്രത്യേകാനുമതി വാങ്ങേണ്ടതായുണ്ട്. ആയതിലേയ്ക്കുള്ള തുടർ നടപടി സ്വീകരിക്കേണ്ടതാണ്. മറ്റു പരാമർശമില്ല.

**23. ഭവന നിർമ്മാണ ധനസഹായം**

2007-08 മുതൽ 2016-17 വരെയുള്ള ഭവനനിർമ്മാണ ധനസഹായ പദ്ധതിയുടെ പുരോഗതി വിവരം ചുവടെ ചേർക്കുന്നു.

| വർഷം. | ടാർജറ്റ് | പൂർത്തിയായവ | പൂർത്തിയാക്കാൻ ഉള്ളത് | പൂർത്തിയാക്കാനുള്ള ഭവനങ്ങളുടെ സ്റ്റേജ് വിവരം | | |
|---|---|---|---|---|---|---|
| | | | | I | II | III |
| 2007-08 | 1025 | 989 | 36 | 10 | 20 | 6 |
| 2008-09 | 828 | 796 | 32 | 10 | 18 | 4 |
| 2009-10 | 568 | 530 | 38 | 7 | 20 | 11 |
| 2010-11 | 400 | 369 | 31 | 6 | 14 | 11 |
| 2011-12 | 190 | 169 | 21 | 5 | 9 | 7 |
| 2012-13 | 260 | 233 | 27 | 4 | 10 | 13 |
| 2013-14 | 336 | 273 | 63 | 3 | 37 | 23 |
| 2014-15 | 263 | 217 | 46 | 11 | 16 | 19 |
| 2015-16 | 340 | 267 | 73 | 10 | 31 | 32 |
| 2016-17 | 861 | 468 | 393 | 63 | 121 | 209 |
| 2017-18 | 497 | 59 | 438 | 46 | 192 | 201 |

ജില്ലയിൽ ഇനിയും പൂർത്തിയാക്കാത്ത വീടുകളുടെ എണ്ണം വളരെ കൂടുതലാണ്. ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി അവശേഷിക്കുന്ന വീടുകൾ പൂർത്തിയാക്കുന്നതിന് ഗുണഭോക്താക്കളുടെ മീറ്റിംഗ് വിളിച്ചുചേർക്കുന്നതിന് എസ്.സി.ഡി.ഒ മാർക്ക് നിർദ്ദേശം നല്കേണ്ടതും, സമയബന്ധിതമായി നിർമ്മാണം പൂർത്തിയാക്കുന്നതിന് സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിക്കേണ്ടതാണ്.

ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം ബ്ളോക്ക് തിരിച്ച് അനുവദിക്കുന്നതിന്റെ വിവരം ഒരു രജിസ്റ്ററിൽ എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ഓഫീസിലെ രജിസ്റ്ററിൽ പൂർണ്ണമായ വിവരം രേഖപ്പെടുത്തി കാണുന്നില്ല. വർഷം തിരിച്ച് അക്കൗണ്ടന്റ് ജനറലിനു അയച്ച വിനിയോഗ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ലഭ്യമാക്കേണ്ടതും ആയത് രജിസ്റ്ററിൽ കൂടി രേഖപ്പെടുത്തേണ്ടതുമാണ്. ന്യൂനതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

**24. ദുർബ്ബല വിഭാഗങ്ങൾക്കുള്ള ധനസഹായ പദ്ധതി.**

2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ ദുർബ്ബല വിഭാഗങ്ങൾക്കുള്ള ധനസഹായ പദ്ധതിയുടെ പുരോഗതിവിവരം ചുവടെ കാണിക്കുന്നു.

| വർഷം | ഇനം | ചിലവഴിച്ച തുക | ഗുണഭോക്താക്കൾ |
|---|---|---|---|
| 2016-17 | ഭൂരഹിത പുനരധിവാസം | 1500000 (4 X 375000) | 4 |
| | ഭവനം | 210000 (4 X 52500) | 4 |
| | ഭവനം (സ്പിൽ ഓവർ) | 402500 | 3 |
| | ടോയിലറ്റ് | - | - |
| | പഠനോപകരണം | 25000 (5 X 5000) | 5 |
| 2017-18 | ഭൂരഹിത പുനരധിവാസം | - | - |
| | ഭവനം | 400000 (1 X 400000) | 1 |
| | ഭവനം (സ്പിൽ ഓവർ) | 1232500 | 3 |
| | ടോയിലറ്റ് | - | - |
| | പഠനോപകരണം | - | - |

ആനുകൂല്യം അനുവദിച്ച ഉത്തരവുകളുടെ പകർപ്പുകളും ക്രമമായി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. രജിസ്റ്റർ നന്നായി പരിപാലിക്കുന്നുണ്ട്. രജിസ്റ്ററിൽ പേജ്നമ്പർ നൽകി വർഷാന്ത്യം ഓരോ ഇനത്തിലും അനുവദിച്ചതിന്റെ സംക്ഷിപ്തം എന്നിവ കൂടി എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

മുൻ വർഷങ്ങളിൽ അനുവദിച്ച് ഇനിയും പൂർത്തീകരിക്കേണ്ട വീടുകളുടെ വിവരം ലഭ്യമാക്കേണ്ടതും ആയത് സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

2016-17 ലെ വിനിയോഗ സർട്ടിഫിക്കറ്റ് അയച്ചതായി കാണുന്നു. തുടർന്നുള്ള വർഷത്തേതു കൂടി അയച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 25. ഭൂരഹിത പുനരധിവാസ പദ്ധതി.

2016-17, 2017-18 ൽ ഭൂരഹിത പുനരധിവാസ ധനസഹായം പദ്ധതിക്കായി ചെലവഴിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| 2016-17 | 242 | 93712500 |
| 2017-18 | 249 | 96083000 |

ആനുകൂല്യം അനുവദിച്ച ഉത്തരവുകളുടെ പകർപ്പ് ക്രമമായി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. രജിസ്റ്റർ നന്നായി പരിപാലിക്കുന്നുണ്ട്. രജിസ്റ്ററിൽ പേജ്നമ്പർ നൽകി വർഷാന്ത്യം ബ്ളോക്ക് തിരിച്ച് അനുവദിച്ചതിന്റെ സംക്ഷിപ്തം കൂടി എഴുതി DDO സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

ആഡിറ്റ് കാലയളവിലെ ബ്ളോക്കുകളിൽ നിന്നുള്ള അക്കൗണ്ടന്റ് ജനറലിന് അയച്ച വിനിയോഗ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.

2018 മാർച്ചിൽ ട്രഷറിയിൽ ക്യൂവിലുള്ള 4 ഗുണഭോക്താക്കളുടെ തുകയായ 1500000/ രൂപയുടെ ബിൽ പാസ്സായിട്ടുണ്ടോ എന്ന വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 26. ഭവന പുനരുദ്ധാരണ ധനസഹായ പദ്ധതി.

2014-15 മുതൽ 2016-17 വരെയുള്ള വർഷങ്ങളിൽ ഭവന പുനരുദ്ധാരണ പദ്ധതി പ്രകാരം ധനസഹായം അനുവദിച്ചതിന്റെ ഒരു സംക്ഷിപ്ത വിവരം ചുവടെ ചേർക്കുന്നു.

| വർഷം | അനുവദിക്കപ്പെട്ടവരുടെ എണ്ണം | I-ാം ഗഡു അനുവദിച്ചത് | II-ാം ഗഡു അനുവദിച്ചത് | ഇനിയും പൂർത്തിയാക്കാത്തവരുവടെ എണ്ണം |
|---|---|---|---|---|
| 2013-14 | 330 | 330 | 319 | 11 |
| 2014-15 | 322 | 322 | 319 | 3 |
| 2015-16 | 335 | 335 | 327 | 8 |
| 2016-17 | 466 | 466 | 442 | 24 |
| | | | ആകെ | 46 |

2017-18 ന് ടാർഗറ്റ് ലഭിച്ചിട്ടില്ല. ശേഷിക്കുന്ന 46 വീടുകളുടെ പുനരുദ്ധാരണം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ജില്ലാ തലങ്ങളിൽ അനുവദിക്കുന്ന തുക ബ്ളോക്ക് തിരിച്ച് നൽകുന്ന വിവരം ഒരു രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതാണ്. ബ്ളോക്കുകളിൽ നിന്നുള്ള വിനിയോഗ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിന് സമയബന്ധിതമായി അയക്കുന്നുണ്ടെന്ന് ജില്ലാ പട്ടികജാതി വികസന ഓഫീസർ ഉറപ്പു വരുത്തേണ്ടതാണ്. വർഷം തിരിച്ചുള്ള വിനിയോഗ സർട്ടിഫിക്കറ്റ് എ.ജി ക്ക് അയച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**27. വിദേശ തൊഴിൽ ധനസഹായ പദ്ധതി.**

2016-17, 2017-18 വർഷങ്ങളിൽ ടി പദ്ധതി പ്രകാരമുള്ള ചിലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളൊടെ എണ്ണം | ചിലവ് | ആൺ | പെൺ |
|---|---|---|---|---|
| 2016-17 | 75 | 3750000 | 70 | 5 |
| 2017-18 | 73 | 5650000 | 69 | 4 |

വിദേശ തൊഴിൽ ധനസഹായ പദ്ധതിയുടെ രജിസ്റ്റർ നന്നായി പരിപാലിക്കുന്നുണ്ടെങ്കിലും ആനുകൂല്യം അനുവദിച്ച ഉത്തരവ് നമ്പർ, തീയതി എന്നിവ എഴുതി DDO സാക്ഷ്യപ്പെടുത്തിയതായി കാണുന്നില്ല. ഗുണഭോക്താക്കളുടെ ഫോട്ടോ പതിക്കാൻ രജിസ്റ്ററിൽ പ്രത്യേക കോളം ഉണ്ടെങ്കിലും 2016-17, 2017-18 വർഷങ്ങളിലെ ചില ഗുണഭോക്താക്കളെ ഒഴിവാക്കിയതായി കാണുന്നു.

ഉദ: സഹിജ. പി. സത്യൻ, നിരണം - പേജ് നമ്പർ 83
പ്രജിത് പി, കിടങ്ങൂർ - പേജ് നമ്പർ 86
സന്തോഷ്കുമാർ, കിടങ്ങൂർ - പേജ് നമ്പർ 85
അരുൺകുമാർ, ചെന്നീർക്കര - പേജ് നമ്പർ 92
അജയൻ ആർ, വള്ളിക്കോട്- പേജ് നമ്പർ 98

ഫോട്ടോ പതിക്കുന്നതിൽ വിട്ടുപോയ ഗുണഭോക്താക്കളുടെ ഫോട്ടോ കൂടി പതിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

വർഷം തിരിച്ചുള്ള വിനിയോഗ സർട്ടിഫിക്കറ്റ് എ.ജി ക്ക് അയച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**28. വക്കീലൻമാർക്കുള്ള ധനസഹായം.**

2016-17, 2017-18 വർഷങ്ങളിൽ അനുവദിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ആകെ ആനുകുല്യം ലഭിച്ചവർ | ചെലവഴിച്ച തുക | ആൺ/പെൺ |
|---|---|---|---|
| 2016-17 | 4 | 42,100/- | 3 / 1 |
| 2016-17 | 2 | 33,250/- | 0 / 2 |

രജിസ്റ്ററുകളും ഫയലും കുറ്റമറ്റരീതിയിൽ പരിപാലിക്കുന്നുണ്ട്. രജിസ്റ്ററിൽ വർഷാന്ത്യ സംക്ഷിപ്തം എഴുതി DDO സാക്ഷ്യപ്പെടുത്തേണ്ടതാണ്. രണ്ട് വർഷങ്ങളിലെയും ഗുണഭോക്താക്കളിൽ നിന്നുള്ള കരാർ പത്രം വാങ്ങി സൂക്ഷിച്ചിട്ടുണ്ട്.

വർഷം തിരിച്ചുള്ള വിനിയോഗ സർട്ടിഫിക്കറ്റ് എ.ജി ക്ക് അയച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്. മറ്റ് പരാമർശമില്ല.

**29. സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണം**

2016-17 ജില്ലയിൽ സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണത്തോടനുബന്ധിച്ച് ജില്ലാതല സമ്മേളനവും ബോധവത്കരണ സെമിനാറും സംഘടിപ്പിക്കുന്നതിനായി ജില്ലാ ഓഫീസ് മുഖേന 32000 രൂപയും, ഇലന്തൂർ, തിരുവല്ല, പന്തളം, പറക്കോട്, മല്ലപ്പള്ളി, റാന്നി എന്നീ ബ്ളോക്കുകൾക്ക് 3000/ രൂപ വീതം 18000/ രൂപയും ചേർത്ത് ആകെ 50000/ രൂപ ചിലവഴിച്ച തായി കാണുന്നു. ആയത് 8.02.2017 തീയതിയിലെ പി. 9907/16 നമ്പർ ഉത്തരവ് പ്രകാരം ക്രമീക രിച്ചതായി കാണുന്നു.

2017-18 വർഷം സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണത്തോടനുബന്ധിച്ചുള്ള ജില്ലാ തല പരിപാടി പന്തളം ചേരിക്കൽ ഐ.ടി.ഐ യിൽ സംഘടിപ്പിക്കുന്നതിന് 35000/ രൂപയും 5 പ്രീ-മെട്രിക്ക് ഹോസ്റ്റലുകളുടെ ശുചീകരണ പ്രവർത്തനങ്ങൾക്കായി 15000/ രൂപയും ചേർത്ത് ആകെ 50000/ രൂപ ചിലവഴിച്ചതായി കാണുന്നു. ആയത് ക്രമീകരിച്ചതായി കാണുന്നു.

എ.ജിക്കുള്ള വിനിയോഗ സർട്ടിഫിക്കറ്റ് 2016-17 വർഷത്തേതു മാത്രം അയച്ചിട്ടുണ്ട്, തുടർന്നുള്ള വർഷത്തേതു കൂടി അയച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

30. **പഠനമുറി**

2016-17, 2017-18 വർഷങ്ങളിൽ അനുവദിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ടാർഗറ്റ് | അനുവദിച്ചത് | | | പൂർത്തീകരിച്ചത് | ചെലവഴിച്ച തുക |
|---|---|---|---|---|---|---|
| | | I | II | III | | |
| 2016-17 | - | - | - | - | - | - |
| 2016-17 | 395 | 383 | 317 | 26 | 2 | 32650000 |

2017-18 വർഷം മുതൽ 800 സ്ക്വയർഫീറ്റിനു താഴെ മാത്രം വിസ്തീർണ്ണമുള്ള വീടുക ളിൽ താമസിക്കുന്ന എഴ്, എട്ട് ക്ളാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പഠന സൗകര്യാ ർത്ഥം പ്രത്യേക മുറി നിർമ്മിക്കുന്നതിനുള്ള ധനസഹായം നൽകി വരുന്നു. പദ്ധതിക്കായി ടി വർഷം 32650000 രൂപ ചിലവഴിച്ചിട്ടുണ്ട്.

ആനുകൂല്യം അനുവദിച്ച ഉത്തരവുകളുടെ പകർപ്പ് ക്രമമായി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. പഠനമുറി നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം അനുവദിച്ചു നൽകുന്ന വിവരം ബ്ളോക്ക് തിരിച്ച് ഒരു രജിസ്റ്ററിൽ എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

2017-18 വർഷത്തെ യു.സി. അയച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്. മറ്റു പരാമർശമില്ല.

31. **സ്വയം സഹായ സംഘം**

2016-17 വർഷത്തിൽ സംഘങ്ങൾക്കുള്ള ധനസഹായം നൽകിയതായി കാണുന്നില്ല. 2017-18 വർഷം നെല്ല് കുത്തി അരിയാക്കുന്ന കോയിപ്രം ബ്ളോക്കിലെ വനിതാ യൂണിറ്റായ ഇര വിപേരൂർ റൈസ് എന്ന സംഘത്തിന് 500000/ രൂപ അനുവദിച്ചിട്ടുണ്ട്. ടി വർഷത്തെ യു.സി. അയച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്. മറ്റു പരാമർശമില്ല.

**32. സ്വയം തൊഴിൽ ധനസഹായ പദ്ധതി.**

2016-17 വർഷം 24 പേർക്ക് ധനസഹായം അനുവദിക്കുന്നതിനായി 1734068/- രൂപയും 2017-18 ൽ 7 പേർക്ക് ധനസഹായം അനുവദിക്കുന്നതിനായി 469166/- രൂപയും അനുവദിച്ചതിൽ യഥാക്രമം 1554901/- രൂപയും, 435833/- രൂപയും ചെലവഴിച്ചതായി കാണുന്നു. ആനുകൂല്യം അനുവദിച്ച ഉത്തരവുകളുടെ പകർപ്പ് ക്രമമായി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. രജിസ്റ്റർ നന്നായി പരിപാലിക്കുന്നുണ്ട്. 2017-18 മാർച്ചിൽ ട്രഷറിയിൽ ക്യൂവിലുള്ള 33333/ രൂപയുടെ ബിൽ പാസ്സായിട്ടുണ്ടോ എന്ന വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

2016-17 വർഷത്തെ യു.സി. അയച്ചതായി കാണുന്നു. തുടർന്നുള്ള വർഷത്തേതു കൂടി അയച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**ഡിപ്പാർട്ട്മെന്റ് വാഹനം**

പത്തനംതിട്ട ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ ഉപയോഗത്തിലിരുന്ന KL.01 P 7459 നമ്പർ കാർ ഉപയോഗശൂന്യമായതിനാൽ താൽക്കാലികാടിസ്ഥാനത്തിൽ വകുപ്പ് ചീഫ് പബ്ളിസിറ്റി ഓഫീസറുടെ ഉപയോഗത്തിലിരുന്ന എട്ട് വർഷം പഴക്കം ചെന്ന KL.01 AR 6593 നമ്പർ വാഹനം അനുവദിച്ചിരുന്നു. വകുപ്പ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 28/1/2017 ലെ Estt C2 17207/14 നമ്പർ ഉത്തരവ് പ്രകാരം KL.01 P 7459 നമ്പർ കാർ വകുപ്പിന്റെ കീഴിലുള്ള പന്തളം ചേരിക്കൽ ഗവ:ഐ.റ്റി.ഐ വിദ്യാർത്ഥികളുടെ പഠനാവശത്തിനായി 4/2/2017ന് വിട്ടു നൽകിയതായി കാണുന്നു.

താൽകാലികമായി അനുവദിച്ച KL.01 AR 6593 നമ്പർ വാഹനത്തിന്റെ ഇന്ധനപരിധി 24/4/17 മുതൽ വകുപ്പ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ Estt C2 19193/15 നമ്പർ ഉത്തരവ് പ്രകാരം 57 ലിറ്ററായി നിജപ്പെടുത്തിയിട്ടുണ്ട്. അതു വരെ പത്തനംതിട്ട ജില്ലാ ഓഫീസറുടെ പഴയ വാഹനത്തിന്റെ ഇന്ധനപരിധിയായ 55 ലിറ്റർ തന്നെയാണ് കണക്കാക്കി കാണുന്നത്. ഇതു സംബന്ധിച്ച് മുൻ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശമുണ്ട്. KL.01 AR 6593 നമ്പർ വാഹനത്തിന് 31/3/15 വരെ ഇന്ധനപരിധി അധികരിച്ചത് സാധൂകരിച്ചതായി കാണുന്നു.

പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 28/12/2017 ലെ Estt C2 17207/14 നമ്പർ ഉത്തരവ് പ്രകാരം 3/1/2018 മുതൽ KL.01 AR 6593 നമ്പർ വാഹനം തിരികെ വാങ്ങി KL.01 CE 2084 നമ്പർ പുതിയ ബൊലേറോ വാഹനം അനുവദിച്ചിട്ടുണ്ട്. ടി വാഹനത്തിന്റെ ഇൻഷ്വറൻസ് എടുത്തിട്ടുണ്ട്. ഫ്യുവൽ കൺസംഷൻ സർട്ടിഫിക്കറ്റിനായി കത്ത് നൽകിയിട്ടുള്ളതായി കാണുന്നു. ഇന്ധനക്ഷമത എത്രയാണെന്ന് അറിയിക്കേണ്ടതാണ്.

**ലോഗ് ബുക്ക്**

ആഡിറ്റ് കാലയളവിലെ ലോഗ് ബുക്ക് പ്രകാരം KL.01 AR 6593 അമ്പാസിഡർ കാറാണ് ഉപയോഗിച്ച വാഹനം. ഫ്യുവൽ കൺസംപ്ഷൻ സർട്ടിഫിക്കറ്റ് പ്രകാരം 10 km/Ltr Diesel ആണ് അനുവദിക്കപ്പെട്ട മൈലേജ്. പത്തനംതിട്ട ജില്ലാ ഓഫീസിന്റെ അനുവദനീയ ഇന്ധന പരിധി പ്രതിമാസം 57 Ltr Diesel ആണ്. 4/2016 മുതൽ 1/2018 വരെയുള്ള ഇന്ധന ഉപഭോഗം സംബന്ധിച്ച വിവരം ചുവടേ ചേർക്കുന്നു. 3/1/2018 മുതൽ KL.01 CE 2084 നമ്പർ പുതിയ ബൊലേറോ വാഹനം അനുവദിച്ചിട്ടുണ്ടെങ്കിലും ഫ്യുവൽ ടെസ്റ്റ് നടത്താത്തതിനാൽ ടി കാലയളവിലെ

അധികരിച്ച ഇന്ധനം തിട്ടപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല. ഇതു സംബന്ധിച്ചുള്ള റിപ്പോർട്ട് നൽകേണ്ടതാണ്.

| Month | Stock Of Fuel (in Ltr) | Fuel Parchased for the month | Total (in Ltr) | Journey in KM | Fuel used for the month | Balance | Excess if any |
|---|---|---|---|---|---|---|---|
| Apr-16 | 37.63 | 67.91 | 105.54 | 946 | 94.60 | 10.94 | 37.60 |
| May-16 | 10.94 | 54.23 | 65.17 | 606 | 60.60 | 4.57 | 3.60 |
| Jun-16 | 4.57 | 93 | 97.57 | 727 | 72.70 | 24.87 | 15.70 |
| Jul-16 | 25.37 | 17.02 | 42.39 | 398 | 39.80 | 2.59 | Nil |
| Aug-16 | 2.59 | 54.63 | 57.22 | 514 | 51.40 | 5.82 | Nil |
| Sep-16 | 5.82 | 35.04 | 40.86 | 238 | 23.80 | 17.06 | Nil |
| Oct-16 | 17.06 | 67.99 | 85.05 | 778 | 77.80 | 7.25 | 20.80 |
| Nov-16 | 7.25 | 41.67 | 48.92 | 399 | 39.90 | 9.02 | Nil |
| Dec-16 | 9.02 | 74.52 | 83.54 | 756 | 75.60 | 7.94 | 18.60 |
| Jan-17 | 7.94 | 55.28 | 63.22 | 563 | 56.30 | 6.92 | Nil |
| Feb-17 | 6.92 | 62.62 | 69.54 | 645 | 64.50 | 5.04 | 7.50 |
| Mar-17 | 5.04 | 70.45 | 75.49 | 649 | 64.90 | 10.59 | 7.90 |
| Apr-17 | 10.59 | 40.71 | 51.3 | 446 | 44.60 | 6.70 | Nil |
| May-17 | 6.7 | 25.2 | 31.9 | 225 | 22.50 | 9.40 | Nil |
| Jun-17 | 9.4 | 41.75 | 51.15 | 476 | 47.60 | 3.55 | Nil |
| Jul-17 | 3.55 | 42.27 | 45.82 | 353 | 35.30 | 10.52 | Nil |
| Aug-17 | 10.52 | 48.9 | 59.42 | 499 | 49.90 | 9.52 | Nil |
| Sep-17 | 9.52 | 31.58 | 41.1 | 351 | 35.10 | 6.00 | Nil |
| Oct-17 | 6 | 32.58 | 38.58 | 359 | 35.90 | 2.68 | Nil |
| Nov-17 | 2.68 | 47.73 | 50.41 | 464 | 46.40 | 4.01 | Nil |
| Dec-17 | 4.01 | 15.9 | 19.91 | 154 | 15.40 | 4.51 | Nil |
| Jan-18 | 4.51 | 10.87 | 15.38 | 122 | 12.20 | 3.18 | Nil |
| **KL 01 CE 2084 Bolero Jeep** | | | | | | | |
| Jan-18 | | 22.93 | 22.93 | 219 | | | |
| Feb-18 | | 40.53 | | 347 | | | |
| Mar-18 | | 87.99 | | 440 | | | |

2016-17 സാമ്പത്തിക വർഷം 111.70 ലിറ്റർ ഡീസൽ അനുവദനീയമായ പരിധിക്കുപരിയായി ഉപയോഗിച്ചിട്ടുള്ളതായി കാണുന്നു. ഇത് ക്രമീകരിച്ചതു സംബന്ധിച്ച വിവരം അറിയിക്കേണ്ടതാണ്. കൂടാതെ 1/4/2015 ന് ശേഷം മുൻ ആഡിറ്റിൽ പരാമർശിച്ച അധികരിച്ച ഇന്ധനം ക്രമീകരിച്ചുകൊണ്ടുള്ള ഉത്തരവ് ലഭ്യമാക്കിയിട്ടുണ്ടോ എന്നുകൂടി വ്യക്തമാക്കേണ്ടതാണ്.

# പാർട്ട് III

## മറ്റു രജിസ്റ്ററുകൾ

1. **ഫർണിച്ചർ രജിസ്റ്റർ**

നിശ്ചിത മാതൃകയിലുള്ള ഫർണിച്ചർ രജിസ്റ്റർ (KFC Form 18 പ്രകാരമുള്ളത്) പരിപാലിച്ചിട്ടില്ല. നിലവിലുള്ള ഫർണിച്ചർ രജിസ്റ്ററിൽ ഫർണിച്ചർ വിവരങ്ങൾക്കു പുറമെ കമ്പ്യൂട്ടർ തുടങ്ങിയ ഇലക്ട്രോണിക് ഉപകരണങ്ങളുടെ വിവരങ്ങളും ചേർത്തിട്ടുണ്ട്. 31.03.2018 വരെ വർഷാന്ത്യ ഭൗതിക പരിശോധന സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടുണ്ട്. പത്തനംതിട്ട ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ കീഴിലുള്ള മറ്റു ഓഫീസുകളിലേയ്ക്ക് നൽകിയിട്ടുള്ള ഫർണിച്ചർ വിവരങ്ങളും ഈ രജിസ്റ്ററിൽ രേഖപ്പെടുത്തിക്കാണുന്നു. നിശ്ചിത മാതൃകയിലുള്ള ഫർണിച്ചർ രജിസ്റ്റർ പരിപാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. കമ്പ്യൂട്ടർ തുടങ്ങിയ ഇലക്ട്രോണിക് ഉപകരണങ്ങൾക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കേണ്ടതുമാണ്. Govt. Circular No. 86/Fin Dated: 24.09.2010)

2. **ഇൻക്രിമെന്റ് രജിസ്റ്റർ**

ഇൻക്രിമെന്റ് രജിസ്റ്റർ പരിപാലിച്ചിട്ടുണ്ട്. (Form 9A Chapter V. Article 90. KFC) പ്രത്യേക പരാമർശമില്ല.

3. **ഇൻകുബന്റ് രജിസ്റ്റർ**

പരിപാലിച്ചു വരുന്നുണ്ട്. പ്രത്യേക പരാമർശമില്ല.

4. **കണ്ടിജന്റ് ബിൽ രജിസ്റ്റർ**

കണ്ടിജന്റ് ബിൽ രജിസ്റ്റർ പരിപാലിച്ചു വരുന്നുണ്ട്. എന്നാൽ ശരിയായ മാതൃകയിലല്ല രജിസ്റ്റർ പരിപാലിച്ചിട്ടുള്ളത്. അലോട്ട്മെന്റ്, ടോട്ടൽഅലോട്ട്മെന്റ്, ബിൽ നമ്പർ, ബിൽ തുക, പ്രോഗ്രസ്സീവ് ടോട്ടൽ, ബാലൻസ് തുക, സറണ്ടർ വിവരങ്ങൾ എന്നിവ രജിസ്റ്ററിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

5. **പേബിൽ രജിസ്റ്റർ 2016-17, 2017-18**

പേബിൽ രജിസ്റ്റർ പരിപാലിച്ചിട്ടുണ്ട്. അനക്സർ III ൽ പേബില്ലുകളുടെ സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടുണ്ട്. ഈ രജിസ്റ്ററിൽ ജീവനക്കാരുടെ ശമ്പള സ്കെയിൽ, ജോയിനിംഗ് തീയതി, പ്രൊബേഷൻ പൂർത്തിയാക്കിയ തീയതി, ഇൻക്രിമെന്റ് തീയതി, ജീവനക്കാർ സ്ഥലംമാറി പോകുന്നത് സംബന്ധിച്ച വിവരം എന്നിവ എഴുതിക്കാണുന്നില്ല. ന്യൂനത പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 6. സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്റർ

a) സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്റർ വാല്യം II, III, IV, V എന്നിവയിൽ പേജ് സർട്ടിഫിക്കറ്റ് എഴുതി സാക്ഷ്യപ്പെടുത്തൽ വരുത്തിക്കാണുന്നില്ല. ന്യൂനത പരിഹരിക്കേണ്ടതാണ്.

b) സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്റർ വാല്യം VI - ൽ 110 വരെയുള്ള പേജുകൾ മാത്രമേ ഉപയോഗിച്ചിട്ടുള്ളൂ. 111 മുതൽ 192 വരെയുള്ള പേജുകൾ ഉപയോഗിച്ചിട്ടില്ല. ടി പേജുകൾ ഉപയോഗിക്കാതിരുന്നതിന് വിശദീകരണം നൽകേണ്ടതും, അവ റദ്ദു ചെയ്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

c) സർക്കാർ സർക്കുലർ നമ്പർ. 43/88/ഫിൻ തീയതി. 03.06.88 പ്രകാരം സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്ററിൽ ദ്വൈവാര ഭൗതിക പരിശോധനാ സാക്ഷ്യപത്രം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. എന്നാൽ പരിശോധനാ കാലയളവിൽ ദ്വൈവാര ഭൗതിക പരിശോധനാ സാക്ഷ്യപത്രം എഴുതി സാക്ഷ്യപ്പെടുത്തൽ വരുത്തി കാണുന്നില്ല. വിശദീകരണം നൽകേണ്ടതും, ന്യൂനത പരിഹരിച്ച് അറിയിക്കേണ്ടതുമാണ്.

d) 03.04.2018 മുതലുള്ള സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്ററിൽ ഓരോ ദിവസത്തെയും സ്റ്റാമ്പിന്റെ ഓപ്പണിംഗ് ബാലൻസ്, ക്ലോസിംഗ് ബാലൻസ് എന്നിവ രേഖപ്പെടുത്തി എത്ര രൂപയുടെ സ്റ്റാമ്പാണ് നീക്കിയിരിപ്പ് വന്നിട്ടുള്ളതെന്ന് എഴുതി വരുന്നില്ല. ന്യൂനത പരിഹരിക്കേണ്ടതാണ്.

e) പരിശോധന തീയതിയായ 11.07.2018- ന് 6435/- രൂപയുടെ സ്റ്റാമ്പ് രജിസ്റ്റർ പ്രകാരം നീക്കിയിരിപ്പ് ഉണ്ടായിരുന്നു. എന്നാൽ സ്റ്റാമ്പിന്റെ ഭൗതിക പരിശോധനയിൽ ആകെ 6441/- രൂപയുടെ സ്റ്റാമ്പ് ഉള്ളതായി കണ്ടു. 6/- രൂപയുടെ സ്റ്റാമ്പ് അധികം നീക്കിയിരിപ്പായി വന്നതിന് വിശദീകരണം നൽകേണ്ടതാണ്.

## 7) സർവ്വീസ് ബുക്ക് രജിസ്റ്റർ (Register of Service Books)

രജിസ്റ്റർ പരിപാലിച്ചു വരുന്നുണ്ട്. എന്നാൽ രജിസ്റ്ററിൽ ചേർത്തിട്ടുള്ള വിവരങ്ങൾ അപൂർണ്ണമാണ്. ട്രാൻസ്ഫർ, പ്രൊമോഷൻ, റിട്ടയർമെന്റ് തുടങ്ങിയ വിവരങ്ങൾ കൂടി രജിസ്റ്ററിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതുണ്ട്. നിലവിലുള്ള എല്ലാ സേവന പുസ്തകങ്ങളുടെയും വിവരങ്ങൾ രേഖപ്പെടുത്തി രജിസ്റ്ററിൽ കാലാനുസൃതമാക്കി വയ്ക്കേണ്ടതാണ്.

## 8) ആസ്തി രജിസ്റ്റർ

ജില്ലയിൽ പട്ടികജാതി വികസന വകുപ്പിന്റെ വസ്തുവകകളും, സ്ഥാപനങ്ങളും സംബന്ധിച്ച് ഒരു രജിസ്റ്റർ പരിപാലിച്ചു വരുന്നു. വകുപ്പുമായി ബന്ധപ്പെട്ട് ജില്ലയിലെ വസ്തു വകകളുടെ മൂല്യം വാർഷികമായി കണക്കാക്കി സാക്ഷ്യപ്പെടുത്തലുകൾ

വരുത്തി സൂക്ഷിക്കേണ്ടതാണ്. റസിഡൻഷ്യൽ, നോൺ റസിഡൻഷ്യൽ ബിൽഡിംഗ്, ഹോസ്റ്റലുകൾ എന്നിവയ്ക്ക് രേഖപ്രകാരമുള്ള വകുപ്പിന്റെ സ്ഥലം അളവുംപടി ഉണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

9) **ആഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ.**

KFC Vol. I –ART-63 പ്രകാരമുള്ള ആഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ പരിപാലിക്കേണ്ടതാണ്. ഓരോ കലണ്ടർ വർഷത്തിലും ലഭിക്കുന്ന ആഡിറ്റ് ഒബ്ജക്ഷൻ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

10) സേവന പുസ്തകങ്ങൾ

a) പി.എസ്. വിൽസൺ, കുക്ക്:-

31.03.2016 വരെ മാത്രമേ സർവ്വീസ് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് രേഖപ്പെടുത്തിയിട്ടുള്ളൂ. ആർജ്ജിത അവധി, അർദ്ധ വേതന അവധി അക്കൗണ്ടുകൾ കാലാനുസൃതമാക്കി വയ്ക്കേണ്ടതാണ്.

b) അജി.പി.എൻ, ഓഫീസ് അറ്റൻഡന്റ് :-

ജി.പി.എഫ്, ഗ്രൂപ്പ് ഇൻഷുറൻസ്, സ്റ്റേറ്റ് ലൈഫ് ഇൻഷുറൻസ് സംബന്ധിച്ച നോമിനേഷൻ വിവരങ്ങൾ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

c) മേരി ഷീബ.പി, പട്ടികജാതി വികസന ഓഫീസർ ഗ്രേഡ് II :-

സേവന പുസ്തകത്തിന്റെ പേജ് 31- ൽ 20.11.2014- ന് ആർജ്ജിതാവധി അനുവദിച്ച വിവരം എഴുതി ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ ഡെസിഗ്നേഷൻ സീൽ പതിപ്പിച്ചിട്ടുണ്ടെങ്കിലും ഒപ്പ് വച്ചിട്ടില്ല. ന്യൂനത പരിഹരിച്ച് അറിയിക്കേണ്ടതാണ്.

d) രാജൻ. പി.കെ, ഡ്രൈവർ :-

സേവന പുസ്തകത്തിന്റെ പേജ് 34- ൽ 31.03.2018 വരെയുള്ള സർവ്വീസ് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് എഴുതിയത് സാക്ഷ്യപ്പെടുത്തുന്നതിനായി ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ ഡെസിഗ്നേഷൻ സീൽ പതിപ്പിച്ചിട്ടുണ്ടെങ്കിലും ഒപ്പ് വച്ചിട്ടില്ല. പേജ് 8 ൽ ജി.പി.എഫ് നോമിനേഷൻ വിവരങ്ങൾ എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ന്യൂനതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

e) **ജയകൃഷ്ണൻ. ആർ, ജൂനിയർ സൂപ്രണ്ട്** :-

അർദ്ധ വേതന അവധി അക്കൗണ്ട് നാളതീകരിച്ച് (Up to date) വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## പാർട്ട് IV

## ഫീൽഡ് പരിശോധന സംബന്ധിച്ച്.

സീനിയർ ഫിനാൻസ് ഓഫീസർ ശ്രീ.മുഹമ്മദ് ഹാരിസിന്റെ നേതൃത്ത്വത്തിൽ ഫീൽഡ് പരീശോധനത്തുകയുണ്ടായി. ഇതുസംബന്ധിച്ച വിവരണം ചുവടെ ചേർക്കുന്നു.

**എ. പ്രീ മെട്രിക്ക് ഹോസ്റ്റൽ:**

ഇലന്തൂർ ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ആൺകുട്ടികളുടെ പ്രീമെട്രിക്ക് ഹോസ്റ്റലിൽ 19 കുട്ടികൾ നിലവിൽ താമസിച്ചു വരുന്നു. സന്ദർശനവേളയിൽ എല്ലാ കുട്ടികളും ഹോസ്റ്റലിൽ ഉണ്ടായിരുന്നു. പൊതുവെ നല്ല അന്തരീക്ഷത്തിലാണ് ഹോസ്റ്റൽ പ്രവർത്തിച്ചു വരുന്നത്. കുട്ടികൾക്കിരിക്കാൻ മേശയും കസേരയുമുണ്ട്. മുറ്റം ടൈൽപാകി വൃത്തിയാക്കിയിട്ടുണ്ട്. പരിസര ശുചിത്വം പാലിക്കുന്നതിൽ വളരെ ശ്രദ്ധിക്കുന്നുണ്ട്. ഹോസ്റ്റലിൽ കൃത്യമായി സൂക്ഷിക്കേണ്ട എല്ലാ രജിസ്റ്ററും പരിപാലിച്ചു കാണുന്നു. കുട്ടികൾ വൃത്തിയുള്ള വസ്ത്രങ്ങൾ ധരിച്ച് സന്തോഷവാൻമാരായി കാണുന്നു. ഹോസ്റ്റലിലെ വാർഡൻ, മറ്റു ഉദ്യോഗസ്ഥർ എന്നിവരുടെ പ്രവർത്തം പ്രശംസനീയമാണ്. സ്ഥാപനത്തെക്കുറിച്ച് നല്ല അഭിപ്രായം രേഖപ്പെടുത്തുന്നു.

**ബി. സ്വയംപര്യാപ്തഗ്രാമം പദ്ധതി :**

ആറൻമുള നിയോജകമണ്ഡലത്തിലെ ഇലന്തൂർ ഗ്രാമപഞ്ചായത്തിൽ ഇലന്തൂർ പട്ടികജാതി കോളനിയിലാണ് ഫീൽഡ് പരിശോധനയുടെ ഭാഗമായി സന്ദർശനം നടത്തിയത്. നിർമ്മാണ ഏജൻസിയായ എഫ്.ഐ.റ്റി.യെയാണ് തിരെഞ്ഞെടുത്തത്. ശ്മശാനം സൈഡ്വാൾ ബോർഡർ, ലൈബ്രറി, റോഡ് നിർമ്മാണം എന്നിവ ഉൾപ്പെടുത്തിയിട്ടുള്ളത്. റോഡ് നിർമ്മാണത്തിൽ അഭിപ്രായ ഭിന്നതകൾ നിലനിൽക്കുന്നതിനാൽ കരാറുകാരൻ പ്രവർത്തി നിർത്തി വച്ചതായി കാണുന്നു. 2013-14 വർഷം തിരെഞ്ഞടുത്ത പദ്ധതി 2018 വർഷവും 50% പോലും പണി പൂർത്തീകരിച്ചതായി കാണുന്നില്ല. ടി സാഹചര്യത്തിൽ അനുവദിച്ച തുക ബന്ധപ്പെട്ട ഏജൻസിയിൽ നിന്നും തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ് അഭികാമ്യമെന്ന് അഭിപ്രായപ്പെടുന്നു.

## പൊതു അഭിപ്രായം

പത്തനംതിട്ട ജില്ലാ പട്ടികജാതി വികസന ആഫീസിന്റെ പ്രവർത്തനം പൊതുവേ തൃപ്തികരമാണ്. ഓഫീസ് ഫയലുകളും രജിസ്റ്ററുകളും അടുക്കി സൂക്ഷിക്കുന്നതിലും, വിവിധ പദ്ധതികൾക്കായി ബ്ളോക്ക് തലങ്ങളിൽ ചെലവഴിക്കുന്ന തുക സംബന്ധിച്ചുള്ള വിവരം രജിസ്റ്ററുകളിൽ രേഖപ്പെടുത്തുന്നതിന് കുറച്ചുകൂടി ശ്രദ്ധ നൽകേണ്ടതാണ്. ബ്ളോക്ക് മുഖാന്തരം വിതരണം ചെയ്യുന്ന തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് യഥാസമയം എ.ജി യ്ക്ക് അയക്കുന്നുണ്ടെന്ന് ജില്ലാ ഓഫീസർ ഉറപ്പു വരുത്തേണ്ടതാണ്. ബിംസ്, ബാംസ്, സ്പാർക്ക് മുഖാന്തരം പാസാക്കുന്ന ബില്ലുകളുടെ അക്വിറ്റൻസ് സർക്കാർ മാനദണ്ഡങ്ങൾക്ക് വിധേയമായി പരിപാലിക്കുന്നതിൽ വീഴ്ച്ച വരുത്താതിരിക്കുവാൻ ശ്രദ്ധിക്കുക. മറ്റ് ആഫീസ് നടപടികളെല്ലാം ക്രമപ്രകാരമാണെന്ന് കാണുന്നു. പരിശോധനാ തീയതികളിൽ ഓഡിറ്റ് ടീമിനോട് എല്ലാവിധ സഹകരണവും ജീവനക്കാർ പുലർത്തിയിട്ടുണ്ട്.

ഓഡിറ്റ് റിപ്പോർട്ട് അംഗീകാരത്തിന് സമർപ്പിക്കുന്നു.

ഹരികൃഷ്ണൻ സി.ജി<br>
ജൂനിയർ സൂപ്രണ്ട്, ഫിൻ. സി.ഓഡിറ്റ്<br>
പട്ടികജാതി വികസന വകുപ്പ് ഡയറക്ട്രേറ്റ്<br>
നന്ദാവനം, തിരുവനന്തപുരം

===========

അംഗീകരിച്ചു

M. MUHAMMED HARIS<br>
Joint Secretary to Govt.<br>
Finance Department<br>
O/O. Senior Finance Officer<br>
Directorate of Scheduled Caste Development<br>
Thiruvananthapuram